©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**
**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി XIII
**(SUBJECT COMMITTEE XIII)**

# (സാമൂഹ്യസേവനം)
**(SOCIAL SERVICES)**

**2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

[Under Rule 236(5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2021 ആഗസ്റ്റ് 3-ാം തീയതി സമർപ്പിച്ചത്
(Presented on 3rd August 2021)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2021

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII
# (SUBJECT COMMITTEE XIII)

# (സാമൂഹ്യസേവനം)
# (SOCIAL SERVICES)

## 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

[Under Rule 236(5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XIII

# (സാമൂഹ്യസേവനം)

# (2021 -2023)

**ഘടന**

ചെയർമാൻ :

ശ്രീ. കെ. രാധാകൃഷ്ണൻ,
പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ഡോ. ആർ. ബിന്ദു,
ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. കെ. ആൻസലൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ഒ. ആർ. കേളു

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. സി. സി. മുകുന്ദൻ

ശ്രീ. എം. നൗഷാദ്

ശ്രീ. രമേശ് ചെന്നിത്തല

ശ്രീമതി ശാന്തകുമാരി കെ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി.

ശ്രീ. മാത്യൂക്കുട്ടി ജി. , അഡീഷണൽ സെക്രട്ടറി.

ശ്രീ. അബ്ദുൾ നാസർ എം., അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2021 ആഗസ്റ്റ് 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**കെ. രാധാകൃഷ്ണൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2021 ആഗസ്റ്റ് 2.

# റിപ്പോർട്ട്

## അദ്ധ്യായം 1

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽനിന്ന് ലഭിച്ച മറുപടികളും.

ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

## ഖണ്ഡിക 1

2225-01-001-94-34—വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭവും - മറ്റു ചെലവുകൾ

പട്ടികജാതി വികസന വകുപ്പിന്റെ 14 ജില്ലാ ഓഫീസുകളിലും 2 മേഖലാ ഓഫീസുകളിലും 2 ഐ.ടി. മേഖലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനും 35 ഐ.ടി.ഐ., 43 പ്രീമെട്രിക് ഹോസ്റ്റൽ 3 പോസ്റ്റ് മെട്രിക് ഹോസ്റ്റൽ എന്നിവിടങ്ങളിൽ സ്ഥാപിച്ച സോളാർ പ്ലാന്റുകളുടെ തുടർ ചെലവ് വഹിക്കുന്നതിനും, നന്ദാവനം ഓഫീസ്, അംബേദ്കർ ഭവൻ എന്നിവിടങ്ങളിൽ സ്ഥാപിച്ച സോളാർ പ്ലാന്റുകളുടെ തുടർ ചെലവിനത്തിലും ജില്ലാ ഓഫീസുകളുടെയും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും നന്ദാവനം ബിൽഡിംഗിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടും അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2225-01-001-94-34 (PV)—വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭവും എന്ന ശീർഷകത്തിൽ നടപ്പ് വർഷം വകയിരുത്തിയത് 3 കോടി രൂപയാണ്. ഈ വിഹിതത്തിൽ നിന്നും 40.72 ലക്ഷം രൂപ ചെലവ് ചെയ്തിട്ടുണ്ട്.

കോവിഡ്-19 മഹാമാരിയുടെ സാഹചര്യമായതിനാൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ പതിവ് വേഗത കൈവരിക്കാനായിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദമായതിനാൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിക്കുന്നത് പ്രയോഗികമല്ല.

സാമ്പത്തിക വർഷം മുന്നോട്ട് പോകുമ്പോൾ കൂടുതൽ ചെലവ് വരുമെന്നാണ് കണക്കാക്കുന്നത്. ആ സാഹചര്യത്തിൽ വിഷയനിർണ്ണയ സമിതിയുടെ ശിപാർശ പ്രകാരം നടപ്പ് വർഷം അധിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 5-10-2020-ലെ SCSTDD-B2/104/2020-SCSTDD നമ്പർ കത്ത്.]

ഖണ്ഡിക 2

2225-01-102-96—തൊഴിലിനും പരിശീലനത്തിനുമായുള്ള ധനസഹായം

ഇന്ത്യയിലും വിദേശത്തും സംഘടിത മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി പരിശീലനം നൽകുന്നതിനും 2019-20 സാമ്പത്തിക വർഷത്തെ പരിശീലന പരിപാടികൾ പൂർത്തിയാക്കുന്നതിനും 2020-21-ലെ ബഡ്ജറ്റിലെ 10,000 പേർക്ക് തൊഴിൽ നൽകണമെന്ന പ്രഖ്യാപനം സഫലമാക്കുന്നതിനും നിലവിലുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2225-01-102-96 ശീർഷകത്തിൽ ബജറ്റ് വിഹിതം (50 കോടി) അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 25 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നു. എന്നാൽ കോവിഡ് 19 പശ്ചാത്തലത്തിൽ പരിപാടികൾ കൃത്യമായി നടത്തുന്നതിന് സാധിക്കാത്ത സാഹചര്യത്തിൽ അധിക തുക ആവശ്യമായി വന്നില്ല. ടി ശീർഷകത്തിൽ 38,78,60,113 രൂപ ചെലവായിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പിന്റെ 27-7-2021-ലെ പജപവവിവ. എ 2/77/2020-പജപവവിവ. നമ്പർ കത്ത്.]

ഖണ്ഡിക 3

2225-01-277-98-12—മെട്രിക്കുലേഷനുശേഷമുള്ള പഠനങ്ങൾ (100% കേന്ദ്രാവിഷ്കൃത പദ്ധതി) -സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും

പ്രസ്തുത ശീർഷകത്തിൽനിന്നും ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പിന് പുറമെ GOK, GOI ബുക്ക് ബാങ്ക് സ്കോളർഷിപ്പുകളും നൽകിവരുന്നതിനാൽ നിലവിൽ 50 കോടി രൂപയുടെ ഇ-ഗ്രാന്റ്സ് ക്ലെയിമുകൾ പെൻഡിംഗാണ്. ആയതിനാൽ 2020-21 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2225-01-277-98-12 ശീർഷകത്തിൽ നിന്നും ഇ-ഗ്രാന്റ്സ് ക്ലെയിമുകൾ പെൻഡിംഗിലായിരുന്നതിനാൽ 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് 30 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നു. ടി ശീർഷകത്തിൽ 100 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭിച്ചിരുന്നു. 268,57,13,208 രൂപ ടി ശീർഷകത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പിന്റെ 27-7-2021-ലെ പജപവവിവ. എ 2/77/2020-പജപവവിവ. നമ്പർ കത്ത്.]

<u>ഖണ്ഡിക 4</u>

2225-01-277-58—<u>വെള്ളായണി- അയ്യങ്കാളി മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ പരിപാലനം</u>

2020-21 സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ പ്രവർത്തനമാരംഭിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കായി കൂടുതൽ തുക ആവശ്യമാണ്. കൂടാതെ തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി, കാസർഗോഡ് ജില്ലയിലെ വെള്ളച്ചാൽ എന്നീ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ +2 കോഴ്സുകളും ആരംഭിക്കേണ്ടതുണ്ട്. ആയതിനാൽ ടി ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ പ്രവർത്തനമാരംഭിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കായും തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി, കാസർഗോഡ് ജില്ലയിലെ വെള്ളച്ചാൽ എന്നീ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ +2 കോഴ്സുകൾ ആരംഭിക്കുന്നതുമായും ബന്ധപ്പെട്ട് കൂടുതൽ തുക ആവശ്യമായിവരും എന്നതിനാൽ 2225-01-277-58(പി) എന്ന ശീർഷകത്തിൽ നിലവിൽ അനുവദിച്ച 15 കോടി രൂപയ്ക്ക് പുറമെ 3 കോടി രൂപ കൂടി അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന ബഹു. കമ്മിറ്റിയുടെ ശിപാർശ പരിശോധിച്ചുവെങ്കിലും കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ 2020-21 സാമ്പത്തിക വർഷത്തെ ചെലവ് കുറഞ്ഞതിനാലും പുതിയ സ്കൂളുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും

ഹയർ സെക്കന്ററി കോഴ്സുകൾ പുതുതായി ആരംഭിക്കുന്നതിനും സാധിക്കാത്തതിനാലും 2020-21 സാമ്പത്തിക വർഷം വകയിരുത്തിയിരുന്ന 15 കോടിക്കു പുറമെ അധിക തുക കൂടി ആവശ്യമായി വരുന്നില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 3-5-2021-ലെ ബി1/31/ 2020/ പജപവവിവ. നമ്പർ കത്ത്.]

ഖണ്ഡിക 5

2225-01-277-54—പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണചെലവുകൾ

പാലക്കാട് മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മറ്റ് ഭരണപരമായ ചെലവുകളും ടി ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 39.66 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പാലക്കാട് മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മറ്റ് ഭരണപരമായ ചെലവുകളും ടി ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതുണ്ട്. ടി ശീർഷകത്തിൽ നിലവിൽ 1,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയത് അപര്യാപ്തമാണ്. ടി സാഹചര്യത്തിൽ 39.66 കോടി രൂപ അധികമായി ശിപാർശ ചെയ്തിരുന്നു. (2020-21) ടി ശീർഷകത്തിൽ അധിക തുക ലഭിച്ചിട്ടില്ല. Supplementary Demand Grant വഴി അധിക തുക അവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമായില്ല. ആയതിനാൽ മേൽ ആവശ്യങ്ങൾക്കുവേണ്ട തുക 2225-01-277-57-34 (പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടിവന്നു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 27-7-2021-ലെ എഫ്1/106/ 2021/പജപവവിവ നമ്പർ കത്ത്.]

ഖണ്ഡിക 6

2225-01-283-85—അംബേദ്കർ ഗ്രാമവികസന പദ്ധതി

അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം മുൻ സാമ്പത്തിക വർഷം 100 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും നിലവിൽ 78.79 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ള തെന്ന് സമിതി മനസ്സിലാക്കുന്നു. 2019-20 വർഷം പദ്ധതി പ്രകാരം 100 കോടി രൂപ അനുവദിച്ചിരുന്ന സാഹചര്യത്തിലും 2016-17 വർഷം വികസന പ്രവർത്തനങ്ങൾ നടന്ന

230 കോളനികളുടെയും 2018-19 വർഷത്തെ 90 കോളനികളുടെയും 2019-20 വർഷത്തെ 200 കോളനികളുടെയും പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ളതിനാലും പ്രസ്തുത ശീർഷകത്തിൽ 21.21 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അംബേദ്കർ ഗ്രാമം പദ്ധതിക്ക് 2020-21 സാമ്പത്തിക വർഷം 78.79 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ 46.598 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കോവിഡ് 19 സാഹചര്യത്തിൽ നിശ്ചിത പ്രവൃത്തികൾ യഥാസമയം നടക്കാതിരുന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പിന്റെ 28-7-2021-ലെ സി2/100/2020/പജപവവിവ. നമ്പർ കത്ത്.]

ഖണ്ഡിക 7

2225-01-800-86—1955-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം (50% കേന്ദ്രസഹായം)

പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമപ്രകാരമുള്ള ആശ്വാസ ധനസഹായ തുക വർദ്ധിപ്പിച്ചതിനാലും എഫ്. ഐ. ആർ. സ്റ്റേജിൽ തുക നൽകേണ്ട തിനാലും പദ്ധതികൾ പ്രകാരം ധനസഹായം വിതരണം ചെയ്യുന്നതിലേക്ക് നിലവിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 6 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമപ്രകാരമുള്ള ആശ്വാസ ധനസഹായ തുക വർദ്ധിപ്പിച്ചതിനാലും എഫ്. ഐ. ആർ. സ്റ്റേജിൽ തുക നൽകേണ്ടതിനാലും പദ്ധതികൾ പ്രകാരം ധനസഹായം വിതരണം ചെയ്യുന്നതിലേക്ക് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായിരുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 6 കോടി രൂപ ശിപാർശ ചെയ്തിരുന്നു. ടി ശീർഷകത്തിൽ 2 കോടി രൂപ റീ-അപ്രോപ്രിയേഷൻ മുഖേന ലഭിച്ചിരുന്നു. ആയതിൽ 21.93 ലക്ഷം രൂപ ചെലവ് വന്നിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 27-7-2021-ലെ എഫ്1/106/2021/പജപവവിവ. നമ്പർ കത്ത്.]

ഖണ്ഡിക 8

2225-01-800-57—പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള പൊതുശേഖര ഫണ്ട്-(ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് സ്കീം)

ഈ സ്കീമിൽ വകയിരുത്തിയിരിക്കുന്ന തുകയുടെ 1/3 ഭാഗം പട്ടികജാതി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് അനുവദിക്കേണ്ട വിഹിതമാണ്. മുൻവർഷങ്ങളിലെ സ്പിൽ ഓവർ കൂടി തനത് വർഷത്തിൽനിന്ന് അനുവദിക്കേണ്ടതുണ്ട്. കൂടാതെ പ്രളയംമൂലം ജീവിതമാർഗ്ഗം നഷ്ടപ്പെട്ടവർക്കുള്ള പ്രത്യേക പദ്ധതികൾ, പട്ടികജാതി കോളനികളിലെ പശ്ചാത്തല വികസന പദ്ധതികൾ, കാവുകളുടെ പുനരുദ്ധാരണം, മരണാനന്തര ചടങ്ങുകൾക്കുള്ള ധനസഹായം മുതലായവയ്ക്കും, മറ്റ് സ്കീമുകളുടെ ക്രിട്ടിക്കൽ ഗ്യാപ് നികത്തുന്നതിനും ഈ ശീർഷകത്തിൽ നിന്നും തുക അനുവദിച്ചുവരുന്നു. അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കാത്ത അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികളും 2020-21 സാമ്പത്തിക വർഷം അനുവദിക്കുന്ന ഫണ്ടിൽനിന്നും പൂർത്തിയാക്കേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 40 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2225-01-800-57 (പ്ലാൻ) പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള പൊതുശേഖരണ ഫണ്ട് (ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ്) എന്ന ശീർഷകത്തിൽ നടപ്പ് വർഷം വകയിരുത്തുന്നത് 60 കോടി രൂപയാണ്. ഈ വിഹിതത്തിൽ നിന്നും ഇതുവരെ 9.03 കോടി രൂപ ചെലവായിട്ടുണ്ട്. ടി ശീർഷകത്തിൽ 51,99,82,000 രൂപ അഡീഷണൽ ഓതറൈസേഷനായി അനുവദിക്കുവാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറിൽ നിന്നും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 5-10-2020-ലെ SCSTDD-B2/104/2020-SCSTDD നമ്പർ കത്ത്.]

അന്തിമ മറുപടി

പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽനിന്നും ലഭ്യമായ പ്രൊപ്പോസൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു. 2225-01-800-57 എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയുടെ 30% ചെലവ് മാത്രമാണ് വന്നിട്ടുള്ളതെന്നും ഈ വർഷത്തെ ബഡ്ജറ്റ് പ്രൊവിഷൻ പ്രകാരമുള്ള തുക തീർന്നതിന് ശേഷം ആവശ്യമായ

അനുബന്ധ രേഖകൾ സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത വിവരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ഡയറക്ടറേറ്റിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 30-12-2020-ലെ SCSTDD-B2/104/2020-SCSTDD (Part 1) നമ്പർ കത്ത്.]

ഖണ്ഡിക-9

2225-80-800-99-12—മറ്റ് സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകൾ - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ഇതര വിഭാഗത്തിൽപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം നൽകുന്നതിനും പോസ്റ്റ് ഗ്രാജ്വേറ്റ്/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് ലംപ്സം ഗ്രാൻറ്, സ്റ്റൈപെൻഡ്, ഫീസ് സൗജന്യം എന്നിവ നൽകുന്നതിനുമായി തുക വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ കുടിശ്ശിക തീർക്കുന്നതിനും നടപ്പ് വർഷത്തെ ആനുകൂല്യം പൂർണമായി വിതരണം ചെയ്യുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 97.93 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

FC/KPCR തുടങ്ങിയ ഇതര വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് പോസ്റ്റ് മെട്രിക് ആനുകൂല്യ വിതരണത്തിനായി 16 കോടി രൂപ നടപ്പുസാമ്പത്തിക വർഷം (2020-21) വകയിരുത്തിയിരുന്നു. ടി തുക അപര്യാപ്തമായതിനാൽ 97.93 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നു. ടി ശീർഷകത്തിൽ ആവശ്യപ്പെട്ടത് പ്രകാരം 15 കോടി രൂപ അഡീഷണൽ ഓതറേസേഷൻ അനുവദിച്ചിരുന്നു. ആയതിൽ 30,99,97,597 രൂപ ചെലവായിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പിന്റെ 27-7-2021-ലെ പജപവവിവ. എ 2/77/2020-പജപവവിവ. നമ്പർ കത്ത്.]

ഖണ്ഡിക 10

4225-01-277-89—പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണം

പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2020 ഡിസംബറിനുള്ളിൽ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കേണ്ടതിനാൽ ടി ബ്ലോക്കിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് അധികതുക അനിവാര്യമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2020 ഡിസംബറിനുള്ളിൽ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കേണ്ടത് ലക്ഷ്യം വച്ച് കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് അധിക തുക അനിവാര്യമായിരുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്തിരുന്നു. ടി ശിർഷകത്തിൽ അധിക തുക ആവശ്യമായി വരാത്ത സാഹചര്യത്തിൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 27-7-2021-ലെ എഫ്1/106/2021/പജപവവിവ. നമ്പർ കത്ത്.)

ഖണ്ഡിക 11

2225-02-102-89-01—പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ ഓണറേറിയം - പട്ടികവർഗ്ഗ പ്രൊമോട്ടർമാർ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 1182 പ്രൊമോട്ടർമാരാണുള്ളത്. പ്രൊമോട്ടർമാരുടെ ഓണറേറിയം 9,000 രൂപയിൽനിന്നും 12,500 രൂപയായും യാത്രാബത്ത 625 രൂപയിൽനിന്നും 1,000 രൂപയായും വർദ്ധിപ്പിച്ചുവെങ്കിലും അതിന് ആനുപാതികമായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 5.1484 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-2021 സാമ്പത്തിക വർഷം 2225-02-102-89-01 പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ ഓണറേറിയം ശീർഷകത്തിൽ 14 കോടി രൂപ വകയിരുത്തിയിരുന്നു. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 5-2-2021-ലെ സ.ഉ. (സാധാ) നമ്പർ 1040/21/ധന. നമ്പർ ഉത്തരവ് പ്രകാരം അധിക ധനാനുമതിയിലൂടെ 4.5 കോടി രൂപ അനുവദിച്ചിരുന്നു. ആകെ അനുവദിച്ച 18.50 കോടി രൂപയിൽ 18.32 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 28-7-2021-ലെ ഇ 2/103/ 2021/പജപവവിവ. നമ്പർ കത്ത്.]

ഖണ്ഡിക 12

2225-02-277-94-34-3—ഗിരിവർഗ്ഗ ഹോസ്റ്റൽ- മറ്റ് ചെലവുകൾ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 106 പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ മെസ്ചാർജ്ജ്, യൂണിഫോം, നൈറ്റ് ഡ്രസ് അലവൻസ് ഉൾപ്പെടെ മറ്റ് അലവൻസുകളുടെ നിരക്ക് വർദ്ധിപ്പിച്ചുകൊണ്ട് 2017-ൽ ഉത്തരവായിരുന്നുവെങ്കിലും ഇതിനാനുപാതികമായ ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. സംസ്ഥാനത്ത് വകുപ്പിനു കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ 7500 ലധികം കുട്ടികളുണ്ട്. ഈ കുട്ടികളുടെ മെസ്സ് ചാർജ്ജ് അനുവദിക്കുന്നതിനുമാത്രം പ്രതിവർഷം 20 കോടി രൂപ ആവശ്യമാണ്. കൂടാതെ യൂണിഫോം, പഠനോപകരണങ്ങൾ, മറ്റ് അലവൻസുകൾ എന്നിവയ്ക്കായി 5 കോടി രൂപ കൂടി ആവശ്യമായിവരുന്നു. 2020-21 സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12.40 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം 2225-02-277-94-34-3 ഗിരിവർഗ്ഗ ഹോസ്റ്റൽ-മറ്റ് ചെലവുകൾ ശീർഷകത്തിൽ 12.6 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സ്കൂളുകളും ഹോസ്റ്റലുകളും പ്രവർത്തിക്കാത്തതുമൂലം ബഡ്ജറ്റിൽ വകയിരുത്തിയ തുക ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കിയതിനാൽ അധിക ഫണ്ട് ആവശ്യമായി വന്നില്ല. ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 12.6 കോടി രൂപയിൽ 11.47 കോടി രൂപ ചെലവഴിച്ചു

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 27-7-2021-ലെ 157/പി.എം/20/പജപവവിവ. നമ്പർ കത്ത്.]

ഖണ്ഡിക 13

2225-02-277-52 —പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള എല്ലാ ഹോസ്റ്റലുകളും UNICEF standard-ൽ നവീകരിക്കുന്നതിനായി നിലവിലുള്ള ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം 2225-02-277-52- പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തിയിരുന്നു. ബഡ്ജറ്റിൽ വകയിരുത്തിയ തുക ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കിയതിനാൽ അധിക ഫണ്ട് ആവശ്യമായി വന്നില്ല. ബഡ്ജറ്റിൽ വകയിരുത്തിയ 5 കോടി രൂപയിൽ 3.71 കോടി രൂപ ചെലവഴിച്ചു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 27-7-2021-ലെ 157/പി.എം/20/പജപവവിവ. നമ്പർ കത്ത്.]

ഖണ്ഡിക 14

2225-02-277-39—ഐ.ഇ.സി. പ്രോജക്ട് (ഇൻഫർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ)

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ നാടൻ ഉൽപ്പന്ന പ്രദർശന വിപണനമേളയായ ഗദ്ദിക, മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഹോസ്റ്റൽ കുട്ടികളുടെ കലാകായിക മേളകളായ സർഗ്ഗോത്സവം, കളിക്കളം, സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം തുടങ്ങിയ പദ്ധതികളെക്കുറിച്ചുള്ള പത്രപ്പരസ്യങ്ങൾ നൽകുക, ഗോൾഡ് മെഡൽ വിതരണം, വകുപ്പിന്റെ പദ്ധതികളെയും ആനുകൂല്യങ്ങളെയുംകുറിച്ച് ജനങ്ങളിൽ കൂടുതൽ ബോധവൽക്കരണം നടത്തുക, ഇതുവരെ ആർജ്ജിച്ച നേട്ടങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് വിഷ്വൽ ഡോക്യുമെന്റേഷൻ നടത്തുക, വകുപ്പിന്റെ നേട്ടങ്ങളും പദ്ധതികളും ഉൾപ്പെടുത്തി ലഘുലേഖകളും മാഗസിനുകളും തയ്യാറാക്കി ജനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജനപ്രതിനിധികളിലും എത്തിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം 2225-02-277-39- ഐ.ഇ.സി. പ്രോജക്ട് (ഇൻഫർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ) ശീർഷകത്തിൽ 2 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഗദ്ദിക കലാമേള, കുട്ടികളുടെ കലാമേളയായ സർഗ്ഗോത്സവം കളിക്കളം തുടങ്ങിയ പരിപാടികൾ നടത്താൻ കഴിയാത്തതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞു. അതിനാൽ അധിക ഫണ്ട് ആവശ്യമായി വന്നില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 27-7-2021-ലെ 157/ പി.എം/20/പജപവവിവ. നമ്പർ കത്ത്.]

ഖണ്ഡിക 15

2225-02-277-35—പട്ടികവർഗ്ഗക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ

പട്ടികവർഗ്ഗക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഗോത്രസാരഥി, സാമൂഹ്യപഠനമുറി, വിദ്യാർത്ഥികൾക്കുള്ള ട്യൂട്ടോറിയൽ ഗ്രാന്റ്, പ്രീ-പ്രൈമറി, പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനച്ചെലവ് എന്നീ ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലേക്ക് 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം 2225-02-277-35- പട്ടികവർഗ്ഗക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ ശീർഷകത്തിൽ 25.6 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കിയതിനാൽ അധിക ഫണ്ട് ആവശ്യമായി വന്നില്ല. ബഡ്ജറ്റിൽ വകയിരുത്തിയ 25.6 കോടി രൂപയിൽ 17.76 കോടി രൂപ ചെലവഴിച്ചു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 27-7-2021-ലെ 157/പി.എം/20/പജപവവിവ. നമ്പർ കത്ത്.]

ഖണ്ഡിക 16

2225-02-283-89—ഭവന രഹിതർക്ക് ഭവനം

2016-17 വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിച്ച വീടുകളുടെ തുടർഗഡുക്കൾ അനുവദിക്കുന്നതിനായും 2018,2019 എന്നീ വർഷങ്ങളിൽ ഉണ്ടായ കാലവർഷക്കെടുതിയിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണത്തിനായും 2020-21 സാമ്പത്തിക വർഷം 1500 വീടുകളുടെ പുനരുദ്ധാരണത്തിനായും പ്രസ്തുത ശീർഷകത്തിൽ 81.35 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷം 2225-02-283-89- ഭവനരഹിതർക്ക് ഭവനം (പ്ലാൻ) ശീർഷകത്തിൽ 57.2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 5 കോടി രൂപ ധനപുനർവിനിയോഗം മുഖേന അനുവദിച്ചിരുന്നു. ആകെ ലഭ്യമായ 62.20 കോടി രൂപയിൽ 31.63 കോടി രൂപ ചെലവഴിച്ചു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 27-7-2021-ലെ 157/പി.എം/20/പജപവവിവ. നമ്പർ കത്ത്.]

<u>ഖണ്ഡിക 17</u>

2225-02-800-56 —<u>ആദികലാ ഗ്രാമം</u>

കിർത്താഡ്സ് മുഖേന പട്ടികവർഗ്ഗ യുവ കലാകാരൻമാർക്കുവേണ്ടി സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിനും ഭരണപരമായ ആവശ്യങ്ങൾക്കും ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് പദ്ധതികൾ നടപ്പിലാക്കുന്നതിനും 43 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 40 ലക്ഷം രൂപയിൽ 2020-21 സാമ്പത്തിക വർഷം 8,13,719 രൂപ ചെലവഴിച്ചിട്ടുണ്ട്. 31,86,281 രൂപ സറണ്ടർ ചെയ്തിട്ടുണ്ട്. കോവിഡിന്റെ കാരണത്താൽ മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ആയതിനാലാണ് ചെലവിൽ കുറവ് വന്നത്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 28-7-2021-ലെ ഇ 2/103/ 2021/പജപവവിവ. നമ്പർ കത്ത്.]

<u>ഖണ്ഡിക 18</u>

2225-80-001-99-04-1—<u>കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) യാത്രാ ചെലവുകൾ-യാത്രാബത്ത</u>

കിർത്താഡ്സ് ഓഫീസിലെ ജീവനക്കാരുടെ ശമ്പളം, വേജസ്, യാത്രാബത്ത ഓഫീസ് ചെലവുകൾ, വാഹനങ്ങളുടെ ഇന്ധന ചെലവുകൾ മുതലായവയ്ക്കായി വകകൊള്ളിച്ചിരിക്കുന്ന പ്രസ്തുത ശീർഷകത്തിൽ യാത്രാബത്ത ഇനത്തിലുള്ള തുക പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതമായി അനുവദിച്ച ഒരു ലക്ഷം രൂപയിൽ 2020-21 സാമ്പത്തിക വർഷം 99,131 രൂപ ചെലവഴിച്ചിട്ടുണ്ട്. 869 രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 28-7-2021-ലെ ഇ 2/103/ 2021/പജപവവിവ. നമ്പർ കത്ത്.]

<u>ഖണ്ഡിക 19</u>

2225-80-001-99-05-1—<u>കേരള സംസ്ഥാന പട്ടികജാതി / പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-ഓഫീസ് ചെലവുകൾ-വെള്ളക്കരം</u>

വകുപ്പിന് വെള്ളക്കരം ഇനത്തിൽ ഒരു വർഷത്തേക്ക് അൻപതിനായിരം രൂപ ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ നാൽപ്പതിനായിരം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 10,000 രൂപ 2020-21 സാമ്പത്തികവർഷം പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 28-7-2021-ലെ ഇ 2/103/ 2021/പജപവവിവ. നമ്പർ കത്ത്.]

<u>ഖണ്ഡിക 20</u>

2225-80-001-99-05-2—<u>കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) -വൈദ്യുതി ചെലവ്</u>

വകുപ്പിന്റെ പരിശീലന മന്ദിരം നവീകരിച്ച് എയർകണ്ടീഷണറുകൾ സ്ഥാപിക്കുന്നതിനാലും ഒരു ഫീൽഡ് സ്റ്റേഷൻ കൂടി അയ്യങ്കാളി ഭവനിൽ പ്രവർത്തനം ആരംഭിച്ചതിനാലും ഈ ശീർഷകത്തിൽ തൊണ്ണൂറായിരം രൂപ അധികമായി ധനപുനർ വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 1.6 ലക്ഷം രൂപയിൽ 2020-21 സാമ്പത്തിക വർഷം 1,12,897 രൂപ ചെലവഴിക്കുകയും 47,103 രൂപ സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 28-7-2021-ലെ ഇ 2/103/ 2021/പജപവവിവ. നമ്പർ കത്ത്.]

ഖണ്ഡിക 21

2225-80-001-99-05-3—കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) -ടെലിഫോൺ ചെലവ്

വകുപ്പിന് നിലവിലുള്ള മൂന്ന് ടെലിഫോൺ കണക്ഷനുകൾ, ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള KSWAN കണക്ഷനുകൾ, മുൻവർഷങ്ങളിലെ കുടിശ്ശിക എന്നിവയ്ക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ ഒരു ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ധനപുനർവിനിയോഗം വഴി 24,000 രൂപ അനുവദിച്ചിട്ടുണ്ട്. ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 45,000 രൂപയും, ധനപുനർവിനിയോഗം വഴി അനുവദിച്ച 24,000 രൂപയും ഉൾപ്പെടെ 69,000 രൂപയിൽ 2020-21 സാമ്പത്തിക വർഷാവസാനം വരെ 12,762 രൂപ ചെലവഴിക്കുകയും 56,238 രൂപ സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 28-7-2021-ലെ ഇ 2/103/2021/പജപവവിവ. നമ്പർ കത്ത്.]

ഖണ്ഡിക 22

2225-80-001-99-05-4—കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) -മറ്റിനങ്ങൾ

കിർത്താഡ്സിലെ ഓഫീസ് ചെലവുകൾക്കായി നാമമാത്രമായ തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കിർത്താഡ്സിന്റെ ക്യാമ്പസ്, കെട്ടിടങ്ങൾ എന്നിവ വൃത്തിയാക്കൽ, സർക്കാർ നിർദ്ദേശപ്രകാരം ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം നടപ്പിലാക്കൽ, തുടങ്ങി മറ്റ് അടിയന്തര ഓഫീസ് ചെലവുകൾക്ക് ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അഡീഷണൽ ഓതറൈസേഷൻ വഴി 50,000 രൂപ അനുവദിച്ചിട്ടുണ്ട്. ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 12,000 രൂപയും അഡീഷണൽ ഓതറൈസേഷൻവഴി അനുവദിച്ച 50,000 രൂപയും ഉൾപ്പെടെ 62,000 രൂപയിൽ 2020-21 സാമ്പത്തിക വർഷാവസാനം വരെ 55,956 രൂപ ചെലവഴിക്കുകയും 6,044 രൂപ സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 28-7-2021-ലെ ഇ 2/103/2021/പജപവവിവ. നമ്പർ കത്ത്.]

ഖണ്ഡിക 23

2225-80-001-99-06—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - വാടക, കരം, നികുതി

കെട്ടിട നികുതിയിനത്തിൽ വകുപ്പിന് ഒരു വർഷത്തേക്ക് 41,000 രൂപ ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 11,000 രൂപ അധികമായി ധനപുനർ വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 30,000 രൂപയിൽ 2020-21 സാമ്പത്തിക വർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. സാമ്പത്തിക വർഷം അവസാന മാസം ബിൽ പ്രോസ്സസ് ചെയ്യാൻ സാധിക്കാത്തതിനാൽ വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിക്കാൻ സാധിച്ചിട്ടില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 28-7-2021-ലെ ഇ 2/103/ 2021/പജപവവിവ. നമ്പർ കത്ത്.]

ഖണ്ഡിക 24

2225-80-001-99-21-2—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

വകുപ്പിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്കും പരിപാലനത്തിനുമുള്ള ചെലവുകൾ വഹിക്കുന്നതിനായി ബഡ്ജറ്റ് വിഹിതത്തിൽ തുക അപര്യാപ്തമാണ്. വിവിധ പരിശീലന ഗവേഷണ പരിപാടികൾക്കും ജാതി സംബന്ധമായ കേസ്സുകളുടെ അന്വേഷണത്തിനുമായി വകുപ്പിന്റെ വാഹനങ്ങൾ കേരളത്തിലുടനീളം യാത്രകൾക്കായി ഉപയോഗിച്ചുവരുന്നുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 2.3 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ_വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2225-80-001-99-21-02 കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ശീർഷകത്തിൽ 20,000 രൂപയാണ് (നോൺ പ്ലാൻ) ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത്. പ്രസ്തുത തുകയിൽ 2020-21 സാമ്പത്തിക വർഷാവസാനം വരെ 18,794 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ശേഷിച്ച തുകയായ 1,206 രൂപ സറണ്ടർ ചെയ്തിട്ടുണ്ട്. ആയതിനാൽ സമിതി ശിപാർശ ചെയ്തപ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടതായി വന്നില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പിന്റെ 28-7-2021-ലെ ഡി3/53/ 2020-പജപവവിവ നമ്പർ കത്ത്.]

<u>ഖണ്ഡിക 25</u>

2225-80-001-99-26—<u>ഔദ്യോഗിക ഭാഷാ പ്രയോഗം</u>

ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ നടത്താനും ഔദ്യോഗിക ഭാഷ നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാനും ബഡ്ജറ്റിൽ ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ അൻപതിനായിരം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2225-80-001-99-26 കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)- ഔദ്യോഗിക ഭാഷാ പ്രയോഗം എന്ന ശീർഷകത്തിൽ 1,000 രൂപയാണ് (നോൺ പ്ലാൻ) ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത്. പ്രസ്തുത തുകയിൽ 2020-21 സാമ്പത്തിക വർഷാവസാനം വരെ ഈയിനത്തിൽ തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. കൂടാതെ മേൽപ്പറഞ്ഞ പ്രകാരം വകയിരുത്തിയ 1,000 രൂപ സറണ്ടർ ചെയ്തിട്ടുമുണ്ട്. ആയതിനാൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടതായി വന്നില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പിന്റെ 28-7-2021-ലെ ഡി3/53/ 2020-പജപവവിവ. നമ്പർ കത്ത്.]

ഖണ്ഡിക 26

2225-80-001-99-45—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) -പി.ഒ.എൽ.

വകുപ്പിലെ വാഹനങ്ങളുടെ ഇന്ധനചെലവുകൾ വഹിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അഡീഷണൽ ഓതറൈസേഷൻ വഴി 15,000 രൂപ അനുവദിച്ചിട്ടുണ്ട്. ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 15,000 രൂപയും അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിച്ച 15,000 രൂപയും ഉൾപ്പെടെ 30,000 രൂപയിൽ 2020-21 സാമ്പത്തിക വർഷാവസാനം വരെ 15,500 രൂപ ചെലവഴിക്കുകയും 14,500 രൂപ സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 28-7-2021-ലെ ഇ 2/103/ 2021/പജപവവിവ. നമ്പർ കത്ത്.]

ഖണ്ഡിക 27

2225-80-800-96-31—കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ-സഹായധനം-ശമ്പളം

കമ്മീഷൻ അംഗങ്ങളുടെയും ജീവനക്കാരുടെയും ശമ്പള ഇനത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.1454 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

11-1-2021-ലെ സ.ഉ.(സാധാ)നമ്പർ 261/2021/ധന ഉത്തരവ് പ്രകാരം 2020-21 സാമ്പത്തിക വർഷം കേരള സംസ്ഥാന പട്ടികജാതി പട്ടിക ഗോത്ര വർഗ്ഗ കമ്മീഷൻ അംഗങ്ങളുടെയും ജീവനക്കാരുടെയും ശമ്പള ഇനത്തിൽ 91.20 ലക്ഷം രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 28-7-2021-ലെ ഇ 2/102/ 2021/പജപവവിവ. നമ്പർ കത്ത്.]

ഖണ്ഡിക 28

2225-03-102-99—പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള ഓട്ടോമൊബൈൽ തൊഴിൽ പരിശീലനം

ഓട്ടോമൊബൈൽ മേഖലയിൽ മാത്രം ആനുകൂല്യം അനുവദിച്ചുവരുന്ന പ്രസ്തുത പദ്ധതി 2020-21 മുതൽ ലോജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ്, ടോട്ടൽ സ്റ്റേഷൻ സർവ്വേ, പോളിമർ ടെക്നോളജി രംഗങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ലോക്ക്ഡൗൺ നിലനിന്നിരുന്നതിനാൽ പരിശീലന സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിന് അനുമതി ഉണ്ടായിരുന്നില്ല. ആയതിനാൽ അധിക തുക അനുവദിക്കുന്നതിനായി പ്രത്യേക പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

[പിന്നാക്കവിഭാഗ വികസന (എ) വകുപ്പിന്റെ 28-7-2021-ലെ എ1/103/2020/ പി.വി.വി.വ. നമ്പർ കത്ത്]

ഖണ്ഡിക 29

2225-03-102-98—ബാർബർ ഷോപ്പുകൾ നവീകരിക്കുന്നതിനുള്ള സഹായം

സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളിൽപ്പെട്ട ബാർബർ തൊഴിലാളികളുടെ തൊഴിൽശേഷി വർദ്ധിപ്പിക്കുന്നതിനും തൊഴിലിടം ആധുനികവൽക്കരിക്കുന്നതിനും നവീന ഉപകരണങ്ങൾ വാങ്ങുന്നതിനും ഗ്രാന്റ് നൽകുന്ന പ്രസ്തുത പദ്ധതി പ്രകാരം മുൻവർഷങ്ങളിൽ ഗ്രാന്റ് അനുവദിച്ചവർക്ക് അർഹമായ രണ്ടാം ഗഡു തുക അനുവദിക്കേണ്ടതുണ്ട് എന്നും 2020-21 മുതൽ ഈ പദ്ധതി മുനിസിപ്പാലിറ്റി. കോർപ്പറേഷൻ പരിധിയിലേക്ക് വ്യാപിപ്പിക്കുന്നതിനായി സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട് എന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ചെലവുകൾ കൂടി വഹിക്കുന്നതിന് ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോവിഡ് 19 മഹാമാരിയുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ നിലനിന്നിരുന്നതിനാൽ ബജറ്റ് വിഹിതത്തിൽ കൂടുതൽ തുക ചെലവഴിക്കുവാൻ സാധിക്കില്ലായെന്നതിനാൽ അധിക തുക അനുവദിക്കുന്നതിനായി പ്രത്യേക പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

[പിന്നാക്കവിഭാഗ വികസന (എ) വകുപ്പിന്റെ 28-7-2021-ലെ എ 1/103/2020/ പി.വി.വി.വ. നമ്പർ കത്ത്.]

ഖണ്ഡിക 30

2225-03-102-94—കുംഭാര കോളനികളുടെ വികസനം

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന കുംഭാര/ കുശവ സമുദായങ്ങൾ അധിവസിക്കുന്ന കോളനികളിലെ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കുവാൻ ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിക്കായി 13 കോളനികളിൽനിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. 2020-21-ൽ പരമാവധി 1 കോടി രൂപ എന്ന നിരക്കിൽ 5 കോളനികളുടെ വികസനം ലക്ഷ്യമിടുന്നതിനാൽ പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കുംഭാരകോളനി അടിസ്ഥാന വികസന പദ്ധതി പ്രകാരം 2020-21 വർഷം ബജറ്റ് വിഹിതമായി തുകയൊന്നും വകയിരുത്തിയിരുന്നില്ല. 2225-03-102-94- കുംഭാരകോളനികളുടെ നവീകരണം എന്ന ശീർഷകത്തിൽ 1 കോടി രൂപ അധിക_ധനാനുമതി അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ 50 ലക്ഷം രൂപ അനുവദിച്ചു നൽകി ആയത് പൂർണ്ണമായും വിനിയോഗിച്ചു.

[പിന്നാക്കവിഭാഗ വികസന (എ) വകുപ്പിന്റെ 28-7-2021-ലെ എ 1/103/2020/ പി.വി.വി.വ. നമ്പർ കത്ത്]

ഖണ്ഡിക 31

2225-03-277-99-12—മെട്രിക്കുലേഷനുശേഷമുള്ള പഠനങ്ങൾ (100% കേന്ദ്രാവിഷ്കൃത പദ്ധതി)-സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും

പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെയും തിരഞ്ഞെടുക്കപ്പെട്ട 30 സമുദായങ്ങളിലെ വിദ്യാർത്ഥി കൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായും വിദ്യാഭ്യാസാനു

ക്കല്യവും എസ്.ഇ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യർത്ഥികൾക്ക് ഒരു ലക്ഷം രൂപ വരുമാന പരിധിക്ക് വിധേയമായി കെ.പി.സി.ആർ. ആനുകൂല്യവും അനുവദിക്കുന്ന പ്രസ്തുത പദ്ധതിക്ക് ഒരു സാമ്പത്തിക വർഷം ശരാശരി 275 കോടി രൂപ ആവശ്യമുണ്ട്. നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12 കോടി രൂപ പ്ലാൻ ഇനത്തിലും 33 കോടി രൂപ നോൺ പ്ലാൻ ഇനത്തിലും അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നോൺ പ്ലാൻ ശീർഷകത്തിൽ 3.37 കോടി രൂപ ധനപുനർവിനിയോഗം മുഖേന അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചില്ല.

[പിന്നാക്കവിഭാഗ വികസന (എ) വകുപ്പിന്റെ 28-7-2021 ലെ എ 1/103/2020/ പി.വി.വി.വ. നമ്പർ കത്ത്.]

<u>ഖണ്ഡിക 32</u>

2225-03-277-92-12—<u>മറ്റു പിന്നാക്ക വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (50% കേന്ദ്ര സഹായം)-സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും)</u>

സംസ്ഥാനത്തെ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുടുംബവാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കാത്ത പിന്നാക്കവിഭാഗങ്ങളിൽപ്പെട്ട സമർത്ഥരായ വിദ്യാർത്ഥികൾക്ക് കേന്ദ്രസഹായത്തോടെ പ്രതിവർഷം 1,500 രൂപ നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചുവരുന്ന പദ്ധതിക്ക് മുൻ വർഷങ്ങളിൽ 50 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. കേന്ദ്ര വിഹിതമായി സംസ്ഥാന ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്താറുണ്ടെങ്കിലും കുറഞ്ഞ തുക മാത്രമാണ് കേന്ദ്രസർക്കാർ റിലീസ് ചെയ്യാറുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

50% കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിക്ക് 2020-21-ൽ കേന്ദ്രവിഹിതമായി ലഭ്യമായത് 756.82 ലക്ഷം രൂപ മാത്രമാണ്. ആനുപാതികമായി സംസ്ഥാനവിഹിതം റിലീസ് ചെയ്യുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക പര്യാപ്തമായിരുന്നതിനാൽ അധിക തുകയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

[പിന്നാക്കവിഭാഗ വികസന (എ) വകുപ്പിന്റെ 28-7-2021 ലെ എ 1/103/2020/പി.വി.വി.വ. നമ്പർ കത്ത്.]

ഖണ്ഡിക 33

2225-03-277-91-12—ഒ.ബി.സി.-ക്ക് വിദേശപഠനത്തിനുള്ള ധനസഹായം -(സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും

വിദേശ സർവ്വകലാശാലകളിൽ മെഡിസിൻ, അഗ്രിക്കൾച്ചറൽ സയൻസ്, പ്യൂവർ സയൻസ് മാനേജ്മെന്റ് എഞ്ചിനീയറിംഗ്, നിയമം, സോഷ്യൽ സയൻസ് മേഖലകളിൽ ബിരുദാനന്തര ബിരുദവും Phd യും ചെയ്യുന്ന പിന്നാക്കവിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി 10 ലക്ഷം രൂപ വരെ അനുവദിക്കുന്നു. പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോവിഡ് 19 മഹാമാരിയുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ നിലനിന്നിരുന്നതിനാൽ വിദേശ സർവ്വകലാശാലകളിൽ പ്രവേശനം നേടി പഠനം നടത്തുന്നതിന് സാധിക്കാത്ത സാഹചര്യത്തിൽ ബജറ്റ് വിഹിതത്തിൽ കൂടുതൽ തുക ചെലവഴിക്കുവാനാകാത്തതിനാൽ അധിക തുക അനുവദിക്കുന്നതിനായി പ്രത്യേക പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല..

[പിന്നാക്കവിഭാഗ വികസന (എ) വകുപ്പിന്റെ 28-7-2021-ലെ എ 1/103/2020/പി. വി.വി.വ. നമ്പർ കത്ത്.]

ഖണ്ഡിക 34

2225-03-277-90 —എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം/ട്രെയിനിംഗ്

പിന്നാക്കവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും മെഡിക്കൽ എഞ്ചിനീയറിംഗ്, എൻട്രൻസ്, ബാങ്കിംഗ് സർവ്വീസ്, സിവിൽ സർവ്വീസസ് തുടങ്ങിയ മത്സരപരീക്ഷാ പരിശീലനത്തിനുള്ള ധനസഹായം, പ്രൊഫഷണലുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ സബ്സിഡി തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുന്ന പദ്ധതിയിലെ മാനദണ്ഡങ്ങൾ പ്രകാരം മത്സരപരീക്ഷാ പരിശീലന സഹായത്തിന് അപേക്ഷിക്കാൻ അർഹതയുള്ളവരിൽ പകുതി പേർക്ക് ധനസഹായം അനുവദിക്കുന്നതിന് പോലും നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോവിഡ് 19 മഹാമാരിയുമായി ബന്ധപ്പെട്ട് പരിശീലന സ്ഥാപനങ്ങളുടെ പ്രവർത്തനം സാധാരണ ഗതിയിൽ നടത്തുവാൻ സാധിക്കാത്തതിനാൽ അപേക്ഷകരുടെ എണ്ണം കുറവായിരുന്നു. അർഹരായ മുഴുവൻപേർക്കും ഗ്രാന്റ് അനുവദിക്കുന്നതിന് ബജറ്റ് വിഹിതം പര്യാപ്തമായതിനാൽ അധിക തുകയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

[പിന്നാക്കവിഭാഗ വികസന (എ) വകുപ്പിന്റെ 28-7-2021-ലെ എ 1/103/2020/പി.വി. വി.വ. നമ്പർ കത്ത്.]

ഖണ്ഡിക 35

2225-03-277-88—പിന്നാക്ക വിഭാഗക്കാർക്കിടയിലുള്ള പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യവികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം

മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല പണിക്കാർ, കൈപ്പണിക്കാർ തുടങ്ങിയവർക്ക് നൈപുണ്യ വികസനത്തിനും ആധുനിക പണിയായുധങ്ങൾ വാങ്ങുന്നതിനും നടപ്പിലാക്കുന്ന പദ്ധതിയിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോവിഡ് 19 മഹാമാരിയുമായി ബന്ധപ്പെട്ട് നിയന്ത്രണങ്ങൾ നിലനിന്നിരുന്നതിനാൽ സംസ്ഥാനത്തൊട്ടാകെയുള്ള അപേക്ഷകരുടെ ഫീൽഡ് പരിശോധന സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാധിച്ചിരുന്നില്ല. ടി സാഹചര്യത്തിൽ ബജറ്റ് വിഹിതത്തിൽ കൂടുതൽ തുക ചെലവഴിക്കുവാൻ സാധിക്കില്ലായെന്നതിനാൽ അധിക തുക അനുവദിക്കുന്നതിനായി പ്രത്യേക പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

[പിന്നാക്കവിഭാഗ വികസന (എ) വകുപ്പിന്റെ 28-7-2021-ലെ എ 1/103/2020/പി.വി. വി.വ. നമ്പർ കത്ത്.]

ഖണ്ഡിക 36

2225-03-800-99—പിന്നാക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ (സഹായധനം)

കമ്മീഷനിൽ പുതിയതായി ചാർജെടുത്ത ചെയർമാൻ, മെമ്പർമാർ, മറ്റ് ജീവനക്കാർ എന്നിവർക്ക് ഓഫീസ് പ്രവർത്തനങ്ങൾക്കാവശ്യമായ കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യങ്ങളൊരുക്കൽ തുടങ്ങിയ ചെലവുകൾ നിർവ്വഹിക്കുന്നതിന് 2225-03-800-99-35-മൂലധന ആസ്തികളുടെ രൂപീകരണം എന്ന ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപയും കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും ഔദ്യോഗിക ഉപയോഗത്തിനായി പുതിയ വാഹനം വാങ്ങുന്നതിന് 2225-03-800-99-36-ശമ്പളേതരം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 45 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 60 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സംസ്ഥാന പിന്നാക്കവിഭാഗ കമ്മീഷൻ ചെയർമാന്റെ ഔദ്യോഗിക ആവശ്യത്തിന് ഒരു ഇന്നോവ ക്രിസ്റ്റ കാറും, കമ്മീഷൻ മെമ്പർമാരുടെ ഔദ്യോഗിക ആവശ്യത്തിന് 10 ലക്ഷം രൂപയിൽ അധികരിക്കാത്ത മറ്റൊരു കാറും വാങ്ങുന്നതിന് സ.ഉ. (കൈ) നമ്പർ 05/2021/പി.വി.വി.വ. തീയതി 19-2-2021 പ്രകാരം സർക്കാർ അനുമതി നൽകുകയുണ്ടായി. പ്രസ്തുത ആവശ്യത്തിലേക്കായി സ.ഉ. (സാധാ) നമ്പർ 31/2024/ പി.വി.വി.വ. തീയതി 24-3-2021 പ്രകാരം കമ്മീഷന്റെ 2225-03-800-99-36 സഹായധനം (ശമ്പളേതരം) ശീർഷകത്തിൽ 29 ലക്ഷം രൂപ സർക്കാർ അധിക സഹായധനമായി വകയിരുത്തി അനുവദിക്കുകയുണ്ടായി. കൂടാതെ സ.ഉ. (സാധാ) നമ്പർ 79/2020/പി.വി.വി.വ. തീയതി 2-12-2020 പ്രകാരം 1,35,000 രൂപയും സ. ഉ. (സാധാ) നമ്പർ 25/2021/പി.വി.വി.വ. തീയതി 26-2-2021 പ്രകാരം 3,95,000 രൂപയും അടക്കം ആകെ 5,30,000 രൂപ കമ്മീഷന്റെ 2225-03-800-99-36 ശമ്പളേതരം ശീർഷകത്തിൽ നിന്നും കമ്മീഷന്റെ 2225-03-800-99-35 മൂലധന ആസ്തികളുടെ രൂപീകരണം സംബന്ധിച്ച ശീർഷകത്തിലേക്ക് ധനപുനർവിനിയോഗം വഴി അനുവദിക്കുകയുണ്ടായി.

കമ്മീഷന്റെ മേൽപ്പറഞ്ഞ ചെലവുകൾക്ക് പ്രസ്തുത തുകകൾ സ.ഉ. (അച്ചടി) നമ്പർ 57/2021/ധന. തീയതി 27-3-2021 പ്രകാരം സർക്കാർ തിരികെപ്പിടിക്കുകയുണ്ടായി. (Resumed) ശേഷം സ.ഉ. (സാധാ) നമ്പർ 35/2021/പി.വി.വി.വ. തീയതി 16-4-2021 പ്രകാരം 2225-03-800-99-36 ശമ്പളേതരം ശീർഷകത്തിൽ 77.14 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ 9-6-2021-ലെ സ.ഉ. (സാധാ) നമ്പർ 42/2021/പി.വി.വി.വ. പ്രകാരം നടപ്പ് വർഷം വകയിരുത്തിയിട്ടുള്ള 17.14 ലക്ഷം രൂപയിൽ നിന്നും 15.52 ലക്ഷം രൂപ വിനിയോഗിച്ച് കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ചെയർമാന് ഇന്നോവ ക്രിസ്റ്റ ജി.പ്ലസ് കാർ നിലവിലെ മാനദണ്ഡങ്ങൾ പാലിച്ച് വാങ്ങുന്നതിനും അനുമതി സർക്കാർ നൽകിയിരുന്നു. ടി 17.14 ലക്ഷം രൂപയിൽ വാഹന വില 5,52,876 രൂപയും ഇൻഷ്വറൻസ് തുക 42,583 രൂപയും ഉൾപ്പെടെ 15,95,459 രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 2225-03-800-99-35 മൂലധന ആസ്തികളുടെ രൂപീകരണം സംബന്ധിച്ച ശീർഷകത്തിൽ 16-4-2021-ലെ ഉത്തരവ് പ്രകാരം 1,61,000 രൂപയും നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി ചെലവഴിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്

[പിന്നാക്കവിഭാഗ വികസന (എ) വകുപ്പിന്റെ 28-7-2021-ലെ എ 1/103/ 2020/പി. വി.വി.വ. നമ്പർ കത്ത്.]

<u>ഖണ്ഡിക 37</u>

2225-03-800-81—<u>ഒ.ബി.സി.-യുള്ള അഡ്വക്കേറ്റ് ഗ്രാന്റ്</u>

സാമൂഹ്യനീതി ഉറപ്പാക്കുന്നതിനായി ജുഡീഷ്യറിയിൽ മറ്റ് പിന്നാക്ക സമുദായങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്നവർക്ക് ഗ്രാന്റ് നൽകുന്ന പദ്ധതി പ്രകാരം നിലവിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതി പ്രകാരം 2020-21 വർഷം ബഡ്ജറ്റ് വിഹിതമായി ലഭ്യമായ 12 ലക്ഷം രൂപയ്ക്ക് പുറമെ ഗുണഭോക്താക്കളുടെ ബാഹുല്യം കണക്കിലെടുത്ത് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശയുടെ അടിസ്ഥാനത്തിൽ 81,40,000 രൂപ ധനപുനർവിനിയോഗം വഴി അനുവദിച്ചു.

(പിന്നാക്കവിഭാഗ വികസന (എ) വകുപ്പിന്റെ 28-7-2021-ലെ എ 1/103/2020/ പി.വി.വി.വ. നമ്പർ കത്ത്)

ഖണ്ഡിക 38

4225-03-190-99—ഹരിജനങ്ങളിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്കായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ

പ്രസ്തുത വിഭാഗം ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളുടെ സഫലീകരണത്തിനായി കുറഞ്ഞ നിരക്കിൽ വായ്പകൾ നൽകുന്ന ടി സ്ഥാപനം സർക്കാരിൽ നിന്നു ലഭിക്കുന്ന ബഡ്ജറ്റ് വിഹിതത്തുകയും വായ്പാ തിരിച്ചടവ് വഴി ലഭിക്കുന്ന തുകയും കൂട്ടിച്ചേർത്താണ് വിവിധ വായ്പകൾ വിതരണം നടത്തുന്നതും ടി വിഭാഗം വിദ്യാർത്ഥികൾക്ക് വിവിധ വിദ്യാഭ്യാസ സഹായം നൽകിവരുന്നതും. ഫണ്ടിന്റെ ദൗർലഭ്യംമൂലം കഴിഞ്ഞ വർഷം കോർപ്പറേഷന് വായ്പകൾക്കായി അപേക്ഷ സ്വീകരിക്കുന്നത് നിർത്തിവയ്ക്കേണ്ട സാഹചര്യം വന്നിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ.ഉ.(സാധാ) നമ്പർ 64/2020/പി.വി.വി.വ. തീയതി 29-9-2020 പ്രകാരം 3 കോടി രൂപയും സ.ഉ. (സാധാ) നമ്പർ 26/2021/പി.വി.വി.വ. തീയതി 6-3-2021 പ്രകാരം 50 ലക്ഷം രൂപയും കോവിഡ് ഗ്രാന്റായും അധിക തുക അനുവദിച്ച് നൽകി.

[പിന്നാക്കവിഭാഗ വികസന (എ) വകുപ്പിന്റെ 28-7-2021-ലെ എ 1/103/2020/പി.വി.വി.വ നമ്പർ കത്ത്]

ഖണ്ഡിക 39

4225-03-190-98—കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ

സംസ്ഥാനത്തെ മറ്റു പിന്നാക്ക വിഭാഗങ്ങളുടെയും മതന്യൂനപക്ഷങ്ങളുടെയും സാമൂഹിക സാമ്പത്തിക പുരോഗതിക്കായി നിലകൊള്ളുന്ന പ്രസ്തുത സ്ഥാപനം ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ ടി വിഭാഗങ്ങളുടെ പുരോഗതിക്കുതകുന്ന പരിപാടികൾ നടപ്പാക്കിവരുന്നു. ദേശീയ ഏജൻസികളിൽനിന്ന് ലഭിക്കുന്ന തുകയ്ക്ക് 10% ആനുപാതിക വിഹിതം നൽകേണ്ടതുള്ളതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 31.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതത്തിനു പുറമെ സമിതി ശിപാർശ ചെയ്ത തുക അനുവദിക്കുന്നതിനായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചില്ല.

[പിന്നാക്കവിഭാഗ വികസന (എ) വകുപ്പിന്റെ 28-7-2021-ലെ എ 1/103/2020/ പി .വി.വി.വ. നമ്പർ കത്ത്]

ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

ഖണ്ഡിക 40

2235-02-101-85—ബധിരർക്കും മൂകർക്കും വേണ്ടിയുള്ള ഇൻസ്റ്റിറ്റ്യൂട്ട്

നിഷിന്റെ വികസനത്തിന് BOT/MSC കോഴ്സുകൾ തുടങ്ങുന്നതിന് പുതിയ അക്കാഡമിക് / ക്ലിനിക്കൽ ബ്ലോക്കും ഹോസ്റ്റലും നിർമ്മിക്കുന്നതിലേക്കായി ഈ ശീർഷകത്തിൽ 6.32 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ അധികമായി തുക വകയിരുത്തുകയുണ്ടായില്ല. എങ്കിലും നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി 2020-21 കാലയളവിൽ BOT/MSC കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

[സാമൂഹ്യനീതി (എ) വകുപ്പിന്റെ 28-7-2021-ലെ എ 3/2/2021/സാനീവ. നമ്പർ കത്ത്.]

ഖണ്ഡിക 41

2235-02-101-69-01—വൈകല്യം മുൻകൂർ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വൈകല്യബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനരധിവാസത്തിനുമുള്ള സംസ്ഥാന സംരംഭം - എം.എം.ആർ. വാക്സിനേഷൻ

ഭിന്നശേഷി പ്രതിരോധത്തിന്റെ ഭാഗമായി നടപ്പാക്കിവരുന്ന എം.എം.ആർ. വാക്സിനേഷന് ശരാശരി 4.5 ലക്ഷം ഡോസ് ഒരു വർഷം ആവശ്യമായിവരുന്നു. ആയതിന് 5.76 കോടി രൂപ ആവശ്യമാണ്. കൂടാതെ മുൻ വർഷം വാക്സിൻ വാങ്ങിയ വകയിൽ 182 ലക്ഷം രൂപ കെ.എം.എസ്.സി.എൽ.-ന് കുടിശ്ശികയുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 6.58 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരള സാമൂഹ്യസുരക്ഷാ മിഷൻ മുൻകൂർ നടപ്പിലാക്കിവരുന്ന എം.എം.ആർ. വാക്സിനേഷൻ പദ്ധതി ദേശീയ രോഗപ്രതിരോധ പദ്ധതിയിലൂടെ ആരോഗ്യവകുപ്പ് നടപ്പിലാക്കി. കൂടാതെ നിലവിലെ സാമ്പത്തിക പ്രതിസന്ധി പരിഗണിച്ച് ആരോഗ്യ വകുപ്പിനെ ഏൽപ്പിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ആയതിനാൽ അധിക തുക ആവശ്യമില്ല.

[സാമൂഹ്യനീതി (ഡി) വകുപ്പിന്റെ 29-7-2021-ലെ ഡി2/162/2020/സാനീവ. നമ്പർ കത്ത്.]

<u>ഖണ്ഡിക 42</u>

2235-02-101-57—<u>വെള്ളപ്പൊക്കത്തിന് ഇരയായവരിൽ വൈകല്യമുള്ളവർക്കുള്ള സഹായം</u>

പ്രളയ ദുരിതം നേരിട്ട ജില്ലകളിലെ ഭിന്നശേഷി വിഭാഗക്കാർക്ക് നഷ്ടപ്പെട്ടുപോയ സഹായ ഉപകരണങ്ങൾക്കുപകരം ഉപകരണങ്ങൾ നൽകുന്നതിലേക്കായി 2019-20 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപ നൽകുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. സഹായ ഉപകരണ നിർണ്ണയ ക്യാമ്പുകൾ 2019-20 മാർച്ച് മാസം മാത്രമാണ് അവസാനിക്കുന്നത് എന്നതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിൽനിന്നു മാത്രമേ ആയത് അനുവദിക്കുവാൻ കഴിയുകയുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (ഡി) വകുപ്പിന്റെ 29-7-2021-ലെ ഡി2/162/2020/സാനീവ. നമ്പർ കത്ത്.]

<u>ഖണ്ഡിക 43</u>

2235-02-104-89 -(31)—<u>അനാഥാലയ നിയന്ത്രണ ബോർഡ് -സഹായധനം-ശമ്പളം</u>

അനാഥാലയ നിയന്ത്രണ ബോർഡ് മെമ്പർ, സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും, കൗൺസിലർമാർക്ക് ഓണറേറിയം എന്നിവ നൽകുന്നതിനായി ഈ ശീർഷകത്തിൽ 97.33 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2235-02-104-89 -(31) ശീർഷകത്തിൽ അധികധനാനുമതി മുഖേന 1 കോടി രൂപ (ഒരു കോടി രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് കൗൺസിലർമാർക്ക് 2019 സെപ്റ്റംബർ മുതൽ 2021 ജനുവരി 1 വരെയുള്ള ഓണറേറിയവും ബോർഡ് മെമ്പർമാർക്ക് 2018 ജൂലൈ മുതൽ 2019 സെപ്റ്റംബർ വരെയുള്ള ഓണറേറിയവും ജീവനക്കാരുടെ ശമ്പളവും നൽകിയിട്ടുണ്ട്.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 29-7-2021-ലെ സാനീവ. സി1/174/ 2020/സാനീവ. നമ്പർ കത്ത്.]

ഖണ്ഡിക 44

2235-02-106-93—ജയിൽ വിമുക്തരായ കുറ്റവാളികൾ, പീഡിതർ എന്നിവരുടെ പുനരധിവാസവും തുടർ സേവനവും

ജയിൽ വിമുക്തരായ കുറ്റവാളികൾക്കും പീഡിതർക്കുമായി മുൻ വർഷം പ്രൊബേഷൻ, ആഫ്റ്റർ കെയർ, നേർവഴി എന്നീ പദ്ധതികൾക്ക് മാത്രമായി തുക അനുവദിച്ചിരുന്നു. തെരുവിൽ ജീവിക്കുന്ന വ്യക്തികളുടെ പുനരധിവാസം, ജയിലിൽ നിന്ന് പുറത്തിറങ്ങുന്നവർക്ക് പ്രൊബേഷൻ ഇടക്കാല ഭവനം, മാനസിക രോഗം ഭേദമായിട്ടും ആരും ഏറ്റെടുക്കാതെ പോകുന്ന മുൻ തടവുകാരുടെ പുനരധിവാസം, വിവിധ വിഭാഗങ്ങളുടെ സാമൂഹ്യ മനഃശാസ്ത്ര സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവകൂടി ഈ ശീർഷകത്തിൽ ഉൾപ്പെടുത്തി വിപുലീകരിച്ചിരിക്കുന്നതിനാൽ പ്രസ്തുത ശീർഷകത്തിൽ നിലവിലുള്ള വിഹിതം ആപര്യാപ്തമാണ്. ആയതിനാൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം 2235-02-106-93 (പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയ 2,50,00,000 രൂപയിൽ 1,57,43,643 രൂപ മാത്രമാണ് ചെലവഴിച്ചത്. ടി ശീർഷകത്തിൽ അധിക തുക വേണ്ടിവരാത്ത സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്തുവെങ്കിലും ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ തുക അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിച്ചിരുന്നില്ല.

[സാമൂഹ്യനീതി (ബി) വകുപ്പിന്റെ 28-7-2021-ലെ സാനീവ-ബി3/259/2020-സാനീവ. പാർട്ട്-1 നമ്പർ കത്ത്.]

ഖണ്ഡിക 45

2235-02-190-98—കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പളത്തിനും ഭരണ ചെലവുകൾക്കും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 73 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (ഡി) വകുപ്പിന്റെ 29-7-2021-ലെ ഡി2/162/2020/സാനീവ. നമ്പർ കത്ത്.]

ഖണ്ഡിക 46

2235 -60-200-83—പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായി പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ

ഭിന്നശേഷിക്കാർ, എച്ച്.ഐ.വി. ബാധിതർ, മറ്റ് പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവർക്കായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ഭൂരിഭാഗം പദ്ധതികൾക്കും തുക കണ്ടെത്തുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. ഭിന്നശേഷി ചട്ടങ്ങളിലെ വ്യവസ്ഥകൾക്കുവിധേയമായി പുതിയ പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 1.20 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോവിഡ് 19 പകർച്ചവ്യാധിമൂലം അനുവദിച്ച തുക ചെലവഴിക്കുവാൻ സാധിച്ചിട്ടില്ല. അയതിനാൽ അധിക തുക ആവശ്യമില്ല.

[സാമൂഹ്യനീതി (ഡി) വകുപ്പിന്റെ 29-7-2021-ലെ ഡി2/162/2020/സാനീവ. നമ്പർ കത്ത്.]

ഖണ്ഡിക 47

2235-60-200-79—1995-ലെ അവശ വിഭാഗ ആക്റ്റിൻ (തുല്യ അവസരാവകാശ സംരക്ഷണവും പൂർണ്ണപങ്കാളിത്തവും) കീഴിലുള്ള അവശവ്യക്തികളുടെ സംസ്ഥാനതല കമ്മീഷണർ

വികലാംഗ കമ്മീഷണറേറ്റിൽ ദിവസവേതന വ്യവസ്ഥയിലുള്ള ജീവനക്കാർക്ക് വേതനം നൽകുന്നതിനും, വെള്ളക്കരം, വാടക, വൈദ്യുതി ചാർജ്ജ് എന്നീ ഇനങ്ങളിലും കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 9.65 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം തുക Re-appropriation വഴി ലഭ്യമായിട്ടുണ്ട്. ആയതിനാൽ അധിക തുക ആവശ്യമില്ല.

[സാമൂഹ്യനീതി (ഡി) വകുപ്പിന്റെ 29-7-2021-ലെ ഡി2/162/2020/സാനീവ. നമ്പർ കത്ത്.]

ഖണ്ഡിക 48

2235-60-200-72(02)—കേരള സാമൂഹ്യസുരക്ഷാ പദ്ധതി - തീവ്രമായ മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീടിനുള്ളിൽതന്നെ കഴിയേണ്ടിവരുന്നവരെ പരിചരിക്കുന്നവർക്കുള്ള സഹായം - (ആശ്വാസ കിരണം)

ആശ്വാസകിരണം പദ്ധതിയിൽ പ്രതിമാസം 600 രൂപയാണ് നിലവിൽ അനുവദിക്കുന്നത്. നിലവിലെ 1,13,717 ഉണഭോക്താക്കൾക്കും 2020-21 വർഷം പുതുതായി പ്രതീക്ഷിക്കുന്ന 20,000 ഉണഭോക്താക്കൾക്കും ധനസഹായം നൽകുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 61.0901 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥന പ്രകാരം 58.1204 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 28-7-2021-ലെ സി2/88/2021/സാ.നീ.വ. നമ്പർ കത്ത്.]

ഖണ്ഡിക 49

2235-60-200-72 (06)—കേരള സാമൂഹ്യസുരക്ഷാ പദ്ധതി-സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ അന്തേവാസികളുടെ പരിചാരകർ

സാമൂഹ്യനീതി വകുപ്പിന്റെയും വനിതാ ശിശു വികസന വകുപ്പിന്റെയും കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ നിയോഗിച്ചിട്ടുള്ള മൾട്ടിടാസ്ക് കെയർ പ്രൊവൈഡർമാർ, സ്റ്റാഫ് നേഴ്സുമാർ, സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ എന്നിവർക്ക് വേതനം നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5.8306 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥന പ്രകാരം 70 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 28-7-2021-ലെ സി2/88/2021/സാനീവ. നമ്പർ കത്ത്.]

ഖണ്ഡിക 50

2235-60-200-72 (07)—കേരള സാമൂഹ്യസുരക്ഷാ പദ്ധതി - വയോമിത്രം

വയോജനങ്ങൾക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസിലിംഗ് എന്നിവ നൽകി ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്ന പ്രസ്തുത പദ്ധതി പത്ത് ജില്ലകളിലെ ഓരോ ബ്ലോക്കിൽ കൂടി ആരംഭിക്കുന്നതിനും മുൻ വർഷത്തെ കുടിശ്ശിക നൽകുന്നതിനുമായി 45.5130 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥന പ്രകാരം 23.0010 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 28-7-2021-ലെ സി2/88/2021/സാനീവ. നമ്പർ കത്ത്.]

ഖണ്ഡിക 51

2235-60-200-72 (25)—കേരള സാമൂഹ്യസുരക്ഷാ പദ്ധതി -സമാശ്വാസം

സമാശ്വാസം പദ്ധതി പ്രകാരം നിലവിലെ 9,554 ഗുണഭോക്താക്കൾക്കും 2020-21-ലെ പ്രതീക്ഷിത ഗുണഭോക്താക്കൾക്കും ധനസഹായം നൽകുന്നതിനും കുടിശ്ശിക അനുവദിക്കുന്നതിനും

ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 25.1342 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥന പ്രകാരം 8.7695 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 28-7-2021-ലെ സി2/88/2021/സാനീവ. നമ്പർ കത്ത്.]

ഖണ്ഡിക 52

2235-60-200-68—മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികൾക്കു വേണ്ടിയുള്ള സാമൂഹ്യ മനഃശാസ്ത്ര സേവനം

പൊതു നിരത്തിൽ കാണുന്ന അനാഥരായിട്ടുള്ള മാനസിക രോഗികൾക്ക് അടിയന്തര സംരക്ഷണവും പുനരധിവാസവും ഉറപ്പാക്കുന്നതിനായി കേരള സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ രജിസ്ട്രേഷൻ ചട്ടം അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന 34 സ്ഥാപനങ്ങൾക്ക് ഗ്രാൻറ് അനുവദിച്ചു വരുന്നുവെന്നും കൂടാതെ ആറ് പുതിയ സ്ഥാപനങ്ങൾ കൂടി ഗ്രാന്റിന് അപേക്ഷിക്കുകയും ചെയ്തുവെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സ്ഥാപനങ്ങൾക്കു കൂടി ഗ്രാന്റ് അനുവദിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2235-60-200-68 പ്ലാൻ ശീർഷകത്തിൽ നിന്നും 3 കോടി രൂപ ധനപുനർവിനിയോഗം വഴി ലഭ്യമായിട്ടുണ്ട്.

[സാമൂഹ്യനീതി (ഡി) വകുപ്പിന്റെ 30-7-2021-ലെ ഡി2/162/2020/സാനീവ. നമ്പർ കത്ത്]

ഖണ്ഡിക 53

2235-02-101-89—വികലാംഗർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

ശാരീരിക വൈകല്യമുള്ളവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് ഗ്രാൻറ് നൽകുന്നതിനായി 2018-19 സാമ്പത്തിക വർഷത്തെ ഫണ്ട് യഥാസമയം ലഭ്യമാകാതിരുന്നതുമൂലം ഗ്രാന്റ് ലഭിക്കാത്ത സ്ഥാപനങ്ങൾക്ക് പ്രസ്തുത തുക 2019-20-ലെ ഫണ്ടിൽ നിന്നും നൽകുകയുണ്ടായി. ആയതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (ഡി) വകുപ്പിന്റെ 29-7-2021-ലെ ഡി2/162/2020/സാനീവ. നമ്പർ കത്ത്.]

<u>ഖണ്ഡിക 54</u>

2235-02-104-97—<u>യാചക കേന്ദ്രങ്ങൾ</u>

യാചക കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് ഗ്രാന്റ് നൽകുന്നതിനായി 2018-19 സാമ്പത്തിക വർഷത്തെ ഫണ്ട് യഥാസമയം ലഭ്യമാകാതിരുന്നതുമൂലം 2019-20-ലെ ഫണ്ടിൽ നിന്നും നൽകുകയുണ്ടായി. ആയതിനാൽ ഈ ശീർഷകത്തിൽ 28 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ശിപാർശ ചെയ്ത തുക ലഭ്യമായിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 29-7-2021-ലെ സാനീവ. സി1/174/2020/സാനീവ നമ്പർ കത്ത്.]

<u>ഖണ്ഡിക 55</u>

2235-02-103-96—<u>വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം</u>

നിർദ്ധനരായ വിധവകളുടെ പെൺകുട്ടികൾക്ക് വിവാഹധനസഹായം കുടിശ്ശിക കൂടാതെ വിതരണം ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 3.8651 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം അനുവദിക്കുന്നത് 2235-02-191-50, 2235-02-192-50, 2235-02-198-50 എന്നീ ശീർഷകങ്ങളിലാണ്. ആയതിനാൽ 2235-02-103-96 ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ടിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 30-7-2021-ലെ സാനീവ-സി1/174/2020/സാനീവ. നമ്പർ കത്ത്.]

<u>ഖണ്ഡിക 56</u>

4235-02-102-88 —<u>ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകളുടെ നിർമ്മാണം</u>

കുട്ടികളിലെ വൈകല്യങ്ങളും വളർച്ചാ മുരടിപ്പും പ്രാംരംഭ പരിശോധനയിൽ തന്നെ കണ്ടെത്താനും ഇടപെടൽ നടത്താനും ഉദ്ദേശിച്ച് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ തുടങ്ങുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മരാമത്ത് പണികൾക്കായി 5 സെന്ററുകൾക്കുകൂടി പണം അനുവദിക്കുവാനുള്ളതിനാൽ ഈ ശീർഷകത്തിൽ 6.5 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (ഡി) വകുപ്പിന്റെ 29-7-2021-ലെ ഡി2/162/2020/സാനീവ. നമ്പർ കത്ത്.]

<u>ഖണ്ഡിക-57</u>

2235-02-001-90—<u>വനിതാ ശിശുവികസന ഡയറക്ടറാഫീസ്</u>

വനിതാ ശിശുവികസന വകുപ്പിനു കീഴിൽ ജില്ലാ തലത്തിൽ ഓഫീസ് സംവിധാനം നിലവിൽ വന്നിട്ടുള്ളതിനാൽ ഈ ഓഫീസുകളിലെ ജീവനക്കാർക്ക് ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കും നിലവിലെ തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 7.0211 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

<u>സ്വീകരിച്ച നടപടി</u>

2235-02-001-90(NP)ലെ വിവിധ സബ് ശീർഷകങ്ങളിൽ G.O. (Rt) No. 5581/2020/dated 30-09-2020, G.O.(Rt) No.6990/2020 dated 1-12-2020, G.O.(Rt)

No. 6456/2020 dated 9-11-2020 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അധിക ധനവിഭവ സമാഹരണം മുഖേന ആകെ 10,77,000 രൂപ വകയിരുത്തിയിട്ടുണ്ട്. G.O. (Rt)No. . 6456/2020 dated 9-11-2020 പ്രകാരം അനുവദിച്ച 9,000 രൂപ SDG വഴി regularise ചെയ്തിട്ടുണ്ട്.

[സാമൂഹ്യനീതി (എ) വകുപ്പിന്റെ 22-5-2021-ലെ സാനീവ-എ 1/103/2020/സാനീവ. നമ്പർ കത്ത്.]

ഖണ്ഡിക 58

2235-02-001-88 —ഡിപ്പാർട്ട്മെന്റൽ ഓഫീസർമാർക്കുള്ള ഇൻ സർവ്വീസ് ട്രെയിനിംഗ്

വനിതാ ശിശു വികസന വകുപ്പിലെ ഉദ്യോഗസ്ഥർക്കും മറ്റ് സ്റ്റേക്ക് ഹോൾഡേഴ്സിനും ട്രെയിനിംഗ് നൽകുന്നതിനും ബ്രിഡ്ജ് കോഴ്സുകൾ സംഘടിപ്പിക്കുന്നതിനും തുക ആവശ്യമായതിനാൽ 30 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോവിഡ് 19 മഹാമാരിമൂലം 2020-21 സാമ്പത്തിക വർഷത്തിൽ നേരിട്ടുള്ള പരിശീലനം നടത്തുന്നതിന് നിയന്ത്രണം ഉള്ളതിനാൽ ടി ശീർഷകത്തിൽ 22-2-2021 വരെ 4,01,500 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആയതിനാൽ ടി ശീർഷകത്തിന്മേൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ തുക കണ്ടെത്തേണ്ടതില്ല.

[സാമൂഹ്യനീതി (എ) വകുപ്പിന്റെ 22-5-2021-ലെ സാനീവ. എ 1/103/2020/സാനീവ. നമ്പർ കത്ത്.]

ഖണ്ഡിക 59

2235-02-102-62 (1 )—കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക് സാമൂഹ്യ മനഃശാസ്ത്ര സേവനം (സംസ്ഥാന വിഹിതം)

സ്കൂളുകളിൽ കൗമാരക്കാരായ വിദ്യാർത്ഥിനികൾക്ക് കൗൺസിലിംഗും മാർഗ്ഗനിർദ്ദേശവും നൽകുന്നതിന് നിയോഗിച്ചിട്ടുള്ള സൈക്കോ സോഷ്യൽ കൗൺസിലർമാരുടെ ഓണറേറിയം വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ വർദ്ധിപ്പിച്ച നിരക്കിൽ ഓണറേറിയം നൽകുന്നതിനും മറ്റ് പ്രതീക്ഷിത ചെലവുകൾക്കും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോവിഡ് 19 പശ്ചാത്തലത്തിൽ സൈക്കോ സോഷ്യൽ കൗൺസിലർ തസ്തികയ്ക്ക് ട്രെയിനിംഗ് നടത്താത്തതിനാലും അനുവദിച്ച സ്കൂൾ കൗൺസിലർ തസ്തികകളിൽ പൂർണ്ണമായും നിയമനം നടക്കാത്തതിനാലും 2235-02-102-62(p) ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമാണ്. ആയതിനാൽ സൈക്കോ സോഷ്യൽ കൗൺസിലർമാർക്ക് വർദ്ധിപ്പിച്ച ഓണറേറിയം നൽകുന്നതിന് വേണ്ടി 2235-02-102-62 ശീർഷകത്തിൽ അധിക തുക ആവശ്യമില്ല.

[സാമൂഹ്യനീതി (ഇ) വകുപ്പിന്റെ 21-1-2021-ലെ SJD-E2/112/2020/SJD നമ്പർ കത്ത്.]

ഖണ്ഡിക-60

2235-02-102-56—അംഗൻവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹ്യ വിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കൽ-ഒരു ജീവിതചക്ര സമീപനം

സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് അംഗൻവാടികളെ സാമൂഹിക വിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതി പ്രകാരം അട്ടപ്പാടിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി കിച്ചനുള്ള തുക കണ്ടെത്തേണ്ടത് ഈ ശീർഷകത്തിൽ നിന്നാണ്. ആയതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 -ലെ അവസാന ബാച്ച് ഉപധനാഭ്യർത്ഥന വഴി 2,09,73,917 രൂപ 2235-02-102-56 ശീർഷകത്തിൽനിന്നും അനുവദിക്കുന്നതിന് ലഭ്യമായ പ്രൊപ്പോസൽ പരിശോധിച്ചിരുന്നുവെങ്കിലും ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

[സാമൂഹ്യനീതി (ബി) വകുപ്പിന്റെ 28-7-2021-ലെ സാനീവ. ബി1/276/2020/സാനീവ. നമ്പർ കത്ത്.]

ഖണ്ഡിക-61

2235-02-102-55—അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലം

അംഗൻവാടികളിലെ വർക്കർ, ഹെൽപ്പർ, മിനി അംഗൻവാടികളിലെ വർക്കർ എന്നിവർക്ക് യഥാക്രമം 5300/-, 4300/-, 5300/- ക്രമത്തിൽ ഓണറേറിയം നൽകുന്നതിനും ഓണം ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിനും ഈ ശീർഷകത്തിൽ 36.2456 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അംഗൻവാടി ജീവനക്കാർക്ക് ഓണറേറിയം നൽകുന്നതിനായി 2020-21 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിക്കുകയുണ്ടായില്ല. എന്നാൽ ബഡ്ജറ്റിൽനിന്നും അധികരിച്ച് ചെലവഴിച്ച 13,47,07,273 രൂപ സ.ഉ. (സാധാ) നമ്പർ 3975/2021/ധന തീയതി 12-5-2021 പ്രകാരം ക്രമീകരിച്ചിട്ടുണ്ട്.

[സാമൂഹ്യനീതി (ബി) വകുപ്പിന്റെ 28-7-2021-ലെ ബി2/83/2020/സാനീവ. നമ്പർ കത്ത്.]

ഖണ്ഡിക-62

2235-02-102-53 —ചൈൽഡ് റൈറ്റ്സ് കമ്മീഷൻ

ചൈൽഡ് റൈറ്റ്സ് കമ്മീഷന് നിലവിലെ ബഡ്ജറ്റ് വിഹിതത്തിൽ വാഹനവാടക യിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21-ൽ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയ 250 ലക്ഷം രൂപയിൽ ആകെ 127 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. അധിക തുക അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (എ) വകുപ്പിന്റെ 29-7-2021-ലെ എ 2/127/2020/സാനീവ. നമ്പർ കത്ത്.]

ഖണ്ഡിക 63

2225-02-102-50—അട്ടപ്പാടിയിലെ നവജാത ശിശുക്കൾക്കുവേണ്ടിയുള്ള ആദ്യ 1000 ദിന പരിപാടി

ശിശുക്കളുടെ ശരിയായ വികാസത്തിനായി ഗർഭധാരണം മുതൽ ആദ്യത്തെ ആയിരം ദിവസത്തിന്റെ പ്രാധാന്യം സംബന്ധിച്ച് യുവതീയുവാക്കൾക്ക് കൗൺസിലിംഗ്, പോഷകാഹാരം, രോഗപ്രതിരോധം, മുലയൂട്ടലിന്റെ പ്രാധാന്യം, മറ്റ് പൂരക ആഹാരങ്ങൾ എന്നിവ സംബന്ധിച്ച് ബോധവൽക്കരണം നൽകുന്നതിനായുള്ള പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ 11 പ്രോജക്ടുകളിൽ നടപ്പിലാക്കി വരുന്ന പ്രസ്തുത പദ്ധതി 2020-2021-ൽ 28 പ്രോജക്ടുകളിലേക്ക് കൂടി വ്യാപിപ്പിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. കൂടാതെ THRS ഫോർട്ടിഫിക്കേഷൻ, റൈസ് ഫോർട്ടിഫിക്കേഷൻ എന്നിവയ്ക്കുള്ള തുകയും ഈ ശീർഷകത്തിൽനിന്നും വിനിയോഗിക്കേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അട്ടപ്പാടിയിലെ നവജാത ശിശുക്കൾക്കുവേണ്ടിയുള്ള ആദ്യ 1000 ദിന പരിപാടിയ്ക്ക് 2235-02-102-50 ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന സബ്ജക്ട് കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ സമർപ്പിക്കാൻ വനിതാശിശു വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ കോവിഡ് 19 മഹാമാരി വ്യാപകമായതുകാരണം ചില ഘടകങ്ങളിൽ മാറ്റംവരുത്തിയതിനാൽ 2020-21 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ അധിക തുക ആവശ്യമില്ല എന്ന വിവരം വനിതാശിശു വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

[സാമൂഹ്യനീതി (ബി) വകുപ്പിന്റെ 16-1-2021-ലെ സാനീവ. ബി1/275/2020/സാനീവ. നമ്പർ കത്ത്.]

<u>ഖണ്ഡിക 64</u>

2235-02-102-42—<u>ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്കായുള്ള ഡേ കെയർ സെന്ററുകളും മൊബൈൽ ക്രഷുകളും</u>

അസംഘടിത മേഖലയിലുള്ള സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി അങ്കണവാടി കേന്ദ്രങ്ങളെ സംയോജിപ്പിച്ച് നടപ്പിലാക്കുന്ന അങ്കണവാടി ക്രഷുകളുടെ പ്രവർത്തനത്തിനായി കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. പുതിയതായി 30 അങ്കണവാടി ക്രഷുകൾ കൂടി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 94 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരളത്തിലെ നിർമ്മാണമേഖലയിലും മറ്റ് തൊഴിൽ മേഖലകളിലും ഉള്ള പ്രവർത്തനങ്ങൾക്കായി എത്തിയിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികൾ പകൽ സമയങ്ങളിൽ തൊഴിലിൽ ഏർപ്പെടുന്ന സമയത്ത് അവരുടെ ആറു വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളെ സുരക്ഷിതമായി പരിചരിക്കുക എന്ന ലക്ഷ്യത്തോടെ 2017-18 വർഷം എറണാകുളം ജില്ലയിൽ കൊച്ചി (അർബൻ-2) ICDS പ്രോജക്ടിന്റെ പരിധിയിൽ ആരംഭിച്ചതാണ് മൊബൈൽ ക്രഷ് പദ്ധതി. തുടർന്ന് തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, തൃശ്ശൂർ, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകളിൽ കൂടി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. എന്നാൽ കോവിഡ് 19 വ്യാപനത്തെ ത്തുടർന്നുള്ള പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 31-5-2020, തീയതിയോടുകൂടി പദ്ധതി നിർത്തലാക്കുന്നതിന് 12-7-2020-ലെ സ.ഉ. (ആർ.റ്റി.) നമ്പർ 326/2020/ സാനീവ. പ്രകാരം ഉത്തരവാകുകയും പ്രസ്തുത തീയതി മുതൽ പദ്ധതി നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തീയതി വരെയുള്ള Committed expenditure-നുള്ള 20 ലക്ഷം രൂപ ടി ഉത്തരവിലൂടെ അനുവദിച്ചു നൽകിയിട്ടുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ കുറവായതിനാൽ അവർക്ക് ഒപ്പം അസംഘടിത മേഖലയിലെ തൊഴിലാളികളുടെ കുട്ടികളെക്കൂടി ഉൾപ്പെടുത്തി മൊബൈൽ ക്രഷിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരികയായിരുന്നെങ്കിലും കോവിഡ് 19 രോഗ വ്യാപനത്തിന്റെ സാഹചര്യത്തിൽ ടി പദ്ധതി നിർത്തലാക്കേണ്ടിവന്നു. കൂടാതെ അംഗനവാടി-കം- ക്രഷ് പദ്ധതി നടപ്പിലാക്കുന്നതിനും പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടായി. മേൽ സാഹചര്യത്തിൽ അധിക തുകയ്ക്കുള്ള ഫണ്ടിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

[സാമൂഹ്യനീതി (ഇ) വകുപ്പിന്റെ 30-7-2021-ലെ SJD-E1/214/2021/SJD നമ്പർ കത്ത്.]

## ഖണ്ഡിക 65

2235-02-103-99-10—സാമൂഹ്യക്ഷേമ ബോർഡ്- അംശദാനം - സംഭാവന

ബോർഡിന്റെ ഭരണ ചെലവുകൾക്കും ചെയർപേഴ്സന്റെ ഓണറേറിയത്തിനുമായി 2020-21 വർഷത്തേയ്ക്ക് ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന വിഹിതമായി 1,32,37,758 രൂപ ആവശ്യമായിവരുന്നു.. ഇതിനു പുറമേ 2014-15, 2015-16, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ ബോർഡ് ചെയർപേഴ്സന്റെ ഓണറേറിയം നൽകിയ വകയിൽ ചെലവായ 3,84,000 രൂപ കുടിശ്ശിക ഇനത്തിൽ സർക്കാരിൽനിന്നും ബോർഡിനു ലഭിക്കാനുണ്ട്. നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 99.53 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 28-7-2021-ലെ സി2/88/2021/സാനീവ. നമ്പർ കത്ത്.]

## ഖണ്ഡിക 66

2235-02-103-95-34—സ്റ്റാറ്റ്യൂട്ടറി വിമൻസ് കമ്മീഷൻ

വനിതാ കമ്മീഷൻ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ജീവനക്കാരുടെയും ഡി.എ. കുടിശ്ശിക നൽകുന്നതിനും മുൻകാല കമ്മീഷൻ അംഗങ്ങളുടെ വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിനും ഈ ശീർഷകത്തിൽ 24 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരള വനിതാ കമ്മീഷൻ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ജീവനക്കാരുടെയും ഡി.എ. കുടിശ്ശിക നൽകുന്നതിന് സ.ഉ.(സാധാ) നമ്പർ 1906/2020/ധന. തീയതി 5-3-2020 പ്രകാരം 8,00,000 രൂപയും മുൻകാല കമ്മീഷൻ അംഗങ്ങളുടെ വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിന് സ.ഉ. (സാധാ) നമ്പർ 2882/2020/ധന. തീയതി 27-4-2020 പ്രകാരം 11,20,000 രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്.

[സാമൂഹ്യനീതി (ബി) വകുപ്പിന്റെ 28-7-2021-ലെ സാനീവ. ബി2/83/2020/സാനീവ. നമ്പർ കത്ത്.]

<u>ഖണ്ഡിക 67</u>

2235-02-103-80—<u>ജെൻഡർ പാർക്ക്</u>

ജെൻഡർ പാർക്കിന്റെ കോഴിക്കോട്ടുള്ള ക്യാമ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും ലിംഗസമത്വം സംബന്ധിച്ച രണ്ടാം അന്താരാഷ്ട്ര സമ്മേളനം വിളിച്ചുചേർക്കുന്നതിനുള്ള പ്രാരംഭ നടപടികൾക്കും അന്താരാഷ്ട്ര വനിതാ വ്യാപാര കേന്ദ്രം ആരംഭിക്കുന്നതിനുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾക്കും ഭരണപരമായ മറ്റ് ചെലവുകൾക്കും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.6622 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ 2235-02-103-80 ജെൻഡർ പാർക്ക് (പ്ലാൻ) ശീർഷകത്തിൽ 14.5878 കോടി രൂപ വകയിരുത്തിയിരുന്നു. ജെൻഡർ പാർക്ക് കോഴിക്കോട് ക്യാമ്പസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായെങ്കിലും കരാർ കമ്പനി ചെറിയ തുകയ്ക്കുള്ള ബില്ല് മാത്രമേ സമർപ്പിച്ചിരുന്നുള്ളൂ. 2020-21 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും തന്നെ ഈ തുക അനുവദിച്ചു നല്കുവാൻ സാധിച്ചിട്ടുണ്ട്. ലിംഗസമത്വം സംബന്ധിച്ച രണ്ടാം അന്താരാഷ്ട്ര സമ്മേളനത്തിനും ബഡ്ജറ്റ് വിഹിതത്തിൽ നിന്നുതന്നെ ഫണ്ട് കണ്ടെത്തുവാൻ സാധിച്ചു. കൂടാതെ കോവിഡ് -19 മഹാമാരിയുടെ പശ്ചാത്തലത്തിൽ പരിശീലന പരിപാടികൾ പോലുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്തപോലെ അധിക തുകയുടെ ആവശ്യം ഉണ്ടാകാതിരുന്നതിനാൽ അതിനു വേണ്ടി ശിപാർശ സമർപ്പിച്ചിട്ടില്ല.

[സാമൂഹ്യനീതി (ബി) വകുപ്പിന്റെ 28-7-2021-ലെ സാനീവ ബി3/259/2020/സാനീവ. നമ്പർ കത്ത്.]

ഖണ്ഡിക 68

2235-02-103-77—വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ധനസഹായം

വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം കൂടുതലായതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമേ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ച് നൽകിയിട്ടില്ല.

(സാമൂഹ്യനീതി (എ) വകുപ്പിന്റെ 28-7-2021 -ലെ എ 4/68/2020-സാനീവ. നമ്പർ കത്ത്.)

ഖണ്ഡിക 69

2235-02-103-68 —വനിതാ വികസന പദ്ധതികൾ

വനിതകളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ, പദ്ധതി നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ 24 കോടി രൂപയ്ക്ക് പുറമേ,സർക്കാർ ഉത്തരവ് G.O.(Rt)No.1859/Fin dated 26-2-2021 പ്രകാരം 2.5 കോടി രൂപ റീ അപ്രോപ്രിയേഷൻ മുഖേന ലഭ്യമായിട്ടുണ്ട്.

[സാമൂഹ്യനീതി (ബി) വകുപ്പിന്റെ 28-7-2021-ലെ സാനീവ. ബി3/259/2020/ സാനീവ. നമ്പർ കത്ത്.]

ഖണ്ഡിക 70

2235-02-104-99—ശ്രീ ചിത്രാ ഹോം സഹായധനം

ശ്രീചിത്രാ ഹോം ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടത്തി ശമ്പളം നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60.36 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക ധനാഭ്യർത്ഥന പ്രകാരം 11 ലക്ഷം രൂപ ശമ്പളയിനത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

(സാമൂഹ്യനീതി (സി) വകുപ്പിന്റെ 28-7-2021-ലെ സി2/88/2021/സാനീവ. നമ്പർ കത്ത്.)

<u>ഖണ്ഡിക 71</u>

2235-60-200-72(01)—<u>കേരള സാമൂഹ്യ സുരക്ഷാ പദ്ധതി- ക്യാൻസർ ബാധിതരായ കുട്ടികൾക്കുവേണ്ടിയുള്ള സുരക്ഷാ പദ്ധതി</u>

കാൻസർ രോഗം ബാധിച്ച 18 വയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യമായി ചികിത്സ നൽകുന്ന ഈ പദ്ധതി പ്രകാരം പുതിയ ഗുണഭോക്താക്കൾക്ക് ചികിത്സ നൽകുന്നതിനും കുടിശ്ശിക അനുവദിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 13 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക ആവശ്യപ്പെട്ടിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 28-7-2021-ലെ സി2/88/2021/സാനീവ നമ്പർ കത്ത്.]

<u>ഖണ്ഡിക 72</u>

2235-60-200-72(03)—<u>സാമൂഹ്യസുരക്ഷാ പദ്ധതി - അവിവാഹിതരായ അമ്മമാരുടെയും അവരുടെ കുട്ടികളുടെയും പുനരധിവാസം (സ്നേഹസ്പർശം)</u>

അവിവാഹിതരായ അമ്മമാരെയും അവരുടെ കുട്ടികളെയും പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സ്നേഹസ്പർശം പദ്ധതിയിലൂടെ പ്രതിമാസം 2,000 രൂപ ധനസഹായം നൽകിവരുന്നു. നിലവിലുള്ള ഗുണഭോക്താക്കൾക്ക് കുടിശ്ശികയും പുതിയ ഗുണഭോക്താക്കൾക്ക് സഹായവും അനുവദിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.1792 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥന പ്രകാരം 3.0348 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 28-7-2021-ലെ സി2/88/2021/സാനീവ. നമ്പർ കത്ത്.]

ഖണ്ഡിക 73

2235-60-200-72(05)—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-താലോലം പദ്ധതി

ജന്മനായുള്ള ഹൃദയവൈകല്യങ്ങൾ, ജനിതക രോഗങ്ങൾ മറ്റ് ഗുരുതര രോഗങ്ങൾ എന്നിവയാൽ കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ ലഭ്യമാക്കുന്ന താലോലം പദ്ധതിയിൽ ഹൈക്കോടതി വിധിന്യായപ്രകാരം അപൂർവ്വരോഗമായ Pompe ബാധിച്ച കുട്ടികളുടെ ചികിത്സയ്ക്കായും ധനസഹായം നൽകേണ്ടതുള്ളതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥന പ്രകാരം 5.2917 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 28-7-2021-ലെ സി2/88/2021/സാനീവ. നമ്പർ കത്ത്.]

ഖണ്ഡിക 74

2235-60-200-72-11—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-സ്നേഹപൂർവ്വം

മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പ്രസ്തുത പദ്ധതിയിൽ 2017-18 മുതലുള്ള കുടിശ്ശികയും പുതിയ അപേക്ഷകർക്കുള്ള സഹായവും നൽകുന്നതിന് കൂടുതൽ തുക വകയിരുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 28.7322 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക ആവശ്യപ്പെട്ടിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 28-7-2021-ലെ സി2/88/2021/സാനീവ നമ്പർ കത്ത്.]

ഖണ്ഡിക 75

4235-02-103-99—നിർഭയ ഹോമുകളുടെ നിർമ്മാണം

പീഡനത്തിന് ഇരയായ സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനുള്ള അഭയ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. 2 ജില്ലകളിൽ കൂടി പുതിയ ഹോമുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനും വൺ സ്റ്റോപ്പ് സെന്ററിന്റെ നിർമ്മാണത്തിന് കേന്ദ്ര സഹായം അപര്യാപ്തമായതിനാലും ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വയനാട് ജില്ലയിൽ വുമൺ ആന്റ് ചിൽഡ്രൻസ് ഹോം നിർമ്മാണത്തിനായി PWD ലഭ്യമാക്കിയ 2,20,13,000 രൂപയുടെ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് നൽകിയിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തെ നിർഭയ ഹോമുകളുടെ നിർമ്മാണത്തിനായി 4235-02-103-99 എന്ന ശീർഷകത്തിൽ 1 കോടി രൂപ മാത്രമേ വകയിരുത്തിയിരുന്നുള്ളൂ. വയനാട് ഹോമിന്റെ നിർമ്മാണത്തിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുക നല്കുന്നതിനായി 2 കോടി രൂപ കൂടി ടി ശീർഷകത്തിൽ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ PWD നല്കിയ 2,20,13,000 രൂപയുടെ Estimate പുനപരിശോധിക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ Estimate Revise ചെയ്ത് നല്കാൻ PWD യോട് ആവശ്യപ്പെട്ടിരുന്നെങ്കിലും, ആയത് യഥാസമയം ലഭ്യമാകാത്തതിനാൽ ബഡ്ജറ്റിൽ അനുവദിച്ച തുക പോലും ചെലവഴിയ്ക്കാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ, ധനപുനർ വിനിയോഗം വഴിയോ, ഉപധനാഭ്യർത്ഥന വഴിയോ സമിതി ശിപാർശ ചെയ്ത 2 കോടി രൂപ ലഭ്യമാക്കുന്നതിന് സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

[സാമൂഹ്യനീതി (ബി) വകുപ്പിന്റെ 28-7-2021-ലെ സാനീവ. ബി3/259/2020 സാനീവ. നമ്പർ കത്ത്]

ഖണ്ഡിക 76

2235-02-106-98-34-3—ദുർഗുണ പരിഹാര പാഠശാല – മറ്റു ചെലവുകൾ- മറ്റിനം

ദുർഗുണ പരിഹാര പാഠശാലയിലെ അന്തേവാസികൾക്കുള്ള അടിയന്തര ചികിത്സാ ചെലവ്, മരുന്ന്, മറ്റ് ചെലവുകൾ എന്നിവയിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് ഉപധനാഭ്യർത്ഥന മുഖേന തുക വകയിരുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്.

[ആഭ്യന്തര (ബി) വകുപ്പിന്റെ 11-8-2020-ലെ ബി2/157/2020/ആഭ്യന്തരം നമ്പർ കത്ത്.]

ഖണ്ഡിക 77

2235-02-800-81-31—മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ - സഹായധനം - ശമ്പളം

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷനിലെ അംഗങ്ങളുടെ ശമ്പളം, മറ്റലവൻസുകൾ എന്നിവയ്ക്കായി നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.26 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷന്റെ ധനസഹായമായി 2020-21 സാമ്പത്തിക വർഷത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതമായി 60 ലക്ഷം രൂപയ്ക്ക് (നോൺ പ്ലാൻ) പുറമെ 111.7 ലക്ഷം രൂപ ധനപുനർവിനിയോഗം വഴി നാല് ഗഡുക്കളായി കമ്മീഷന് അനുവദിച്ചിട്ടുണ്ട്.

[പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 30-7-2021-ലെ സി.ഡി എൻ3/24/ 2021/പൊഭവ. നമ്പർ കത്ത്.]

ഖണ്ഡിക 78

2235-02-800-80—ഡോ. അംബേദ്കർ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ ഇക്കണോമിക്കലി ബാക്ക്‌വേഡ് സ്റ്റുഡന്റ്സ്

പ്രസ്തുത പദ്ധതിപ്രകാരം മുന്നാക്ക സമുദായങ്ങളിലെ പാവപ്പെട്ട കുട്ടികളുടെ പഠന ചെലവുകൾക്കായി നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തേക്കാൾ കൂടുതൽ തുക ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ, 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ Dr. Ambedkar Post Matric Scholarships for Economically Backward Classes Students എന്ന പദ്ധതിയിൽ 91.19 ലക്ഷം രൂപ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നുവെങ്കിലും തുകയൊന്നുംതന്നെ അനുവദിച്ചിട്ടില്ല.. കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ, കേരളസംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ, കൂടുതൽ തുക ആവശ്യപ്പെട്ടിരുന്നുമില്ല.

[പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 30-7-2021-ലെ സി.ഡി.എൻ4/83/2021/പൊഭവ. നമ്പർ കത്ത്.]

## ഖണ്ഡിക 79

**2235-02-190-97—കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം-(പ്ലാൻ)**

2019-20 സാമ്പത്തിക വർഷം വിജയകരമായി നടപ്പിലാക്കിയ ഏറെ ജനശ്രദ്ധ പിടിച്ചുപറ്റിയ മംഗല്യ സമുന്നതി പദ്ധതിക്ക് നിലവിൽ ബഡ്ജറ്റ് വിഹിതം ഇല്ല. കൂടാതെ കഴിഞ്ഞ രണ്ട് വർഷമായി വിജയകരമായി നടപ്പിലാക്കിവരുന്ന മുന്നാക്ക സമുദായങ്ങളിലെ ഏറ്റവും ജനശ്രദ്ധ നേടിയ പദ്ധതിയായ ഭവന സമുന്നതി പദ്ധതിയിൽ അഗ്രഹാരങ്ങളുടെയും വീടുകളുടെയും നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി കഴിഞ്ഞ സാമ്പത്തിക വർഷം 11.40 കോടി രൂപ വകയിരുത്തിയിരുന്നു. നിലവിൽ അഗ്രഹാരങ്ങളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി മാത്രമാണ് തുക വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കായി മംഗല്യ സമുന്നതി പദ്ധതിക്ക് 5 കോടി രൂപയും ഭവനപുനരുദ്ധാരണ പദ്ധതിക്കായി 6 കോടി രൂപയും ഉൾപ്പെടെ ആകെ 11 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ, മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന മംഗല്യ സമുന്നതി പദ്ധതിയുടെ നടത്തിപ്പിലേക്കായി 5 കോടി രൂപയും, മുന്നാക്ക സമുദായങ്ങളിലെ അശരണരായ വിഭാഗക്കാർ ഏറെ പ്രതീക്ഷയോടെ കാണുന്ന ഏറ്റവും വലിയ ജനപങ്കാളിത്തമുള്ള ഭവനസമുന്നതി പദ്ധതിയുടെ വിജയകരമായ നടത്തിപ്പിലേക്കായി 6 കോടി രൂപ അധികമായും, ഉപധനാഭ്യർഥനവഴിയോ ധനപുനർവിനിയോഗം വഴിയോ അനുവദിക്കണമെന്ന് വിഷയ നിർണ്ണയ സമിതി XIII (സാമൂഹ്യസേവനം) ശിപാർശ ചെയ്തിരുന്നുവെങ്കിലും, " മംഗല്യ സമുന്നതി" പദ്ധതിക്ക് മാത്രമാണ് ഉപധനാഭ്യർഥന മുഖാന്തിരം ഒരു കോടി രൂപയും ധനപുനർവിനിയോഗം വഴി 1.5 കോടി രൂപയും അനുവദിച്ചിട്ടുള്ളത്.

[പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 30-07-2021-ലെ സി.ഡി എൻ4/83/ 2021/പൊഭവ. നമ്പർ കത്ത്.]

ഖണ്ഡിക 80

2235-02-190-97—കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം-(നോൺപ്ലാൻ)

കേരള സംസ്ഥാന മുന്നാക്കക്ഷേമ കോർപ്പറേഷനിലെ ചെയർമാന്റെ പേഴ്സണൽ സ്റ്റാഫിലുള്ളവർക്ക് ശമ്പള ചെലവുകൾക്കായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സംസ്ഥാന മുന്നാക്കക്ഷേമ കോർപ്പറേഷൻ ചെയർമാന്റെ പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് ശമ്പള ഇനത്തിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്തിരുന്നുവെങ്കിലും അധിക തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല.

[പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 30-7-2021-ലെ സി.ഡി. എൻ4/83/ 2021/പൊഭവ. നമ്പർ കത്ത്.]

ഖണ്ഡിക 81

2235-60-200-94-വിമുക്തഭടൻമാരുടെ കുട്ടികൾക്ക് ധനസഹായം

വിമുക്ത ഭടൻമാരുടെ കുട്ടികൾക്കുള്ള ധനസഹായത്തിനു പുറമെ അമാൽഗമേറ്റഡ് ഫണ്ടിലെ രണ്ടു പദ്ധതികൾ കൂടി ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിമുക്ത ഭടൻമാരുടെ കുട്ടികൾക്കുള്ള ധനസഹായം എന്ന കണക്കിനത്തിൽ 2020-21 സാമ്പത്തിക വർഷം 50,00,000 രൂപ അനുവദിച്ചിരുന്നു. ഈ കണക്കിനത്തിൽ നിന്നും 29,19,000 രൂപ ചെലവാക്കുകയും 5,13,000 രൂപ 2235-60-200-87-06 എന്ന കണക്കിനത്തിലേക്ക് ധനപുനർവിനിയോഗം നടത്തുകയും ബാക്കി 15,68,000 രൂപ സറണ്ടർ ചെയ്യുകയും ചെയ്തിരുന്നു. അപേക്ഷകർ കുറവായിരുന്നതിനാൽ ഈ ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

(സൈനികക്ഷേമ വകുപ്പിന്റെ 8-7-2021-ലെ SW3/20/2021/സൈ.ക്ഷേ.വ. നമ്പർ കത്ത്.)

ഖണ്ഡിക 82

2235-60-200-88—സൈനിക ക്ഷേമ ഡയറക്ടറേറ്റ്

ഇ-ഓഫീസ് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് പുതിയതായി കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനുള്ള ചെലവിലേക്കായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഇ-ഓഫീസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ കൂടി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും സൈനികക്ഷേമ ഡയറക്ടറേറ്റിൽ നിലവിലുള്ള സംവിധാനങ്ങളുമായി തന്നെ ഇ-ഓഫീസ് നടപ്പിലാക്കിയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(സൈനികക്ഷേമ വകുപ്പിന്റെ 8-7-2021-ലെ SW3/20/2021/സൈ.ക്ഷേ.വ. നമ്പർ കത്ത്.)

ഖണ്ഡിക 83

2235-60-200-87—ജില്ലാ സൈനിക ക്ഷേമ ഓഫീസുകൾ (സ്ഥാപന ചെലവ്)

ഇ-ഓഫീസ് നടപ്പിലാക്കുന്നതിനും പുതിയതായി കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനും K-swan connectivity-ക്കു വേണ്ടിയും ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജില്ലാ സൈനിക ക്ഷേമ ഓഫീസുകളിൽ ഇ-ഓഫീസ് സമ്പ്രദായം നടപ്പിലാക്കുന്നതിനായി പുതുതായി കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനും K-swan connectivity-ക്കു വേണ്ടിയും 55 ലക്ഷം രൂപ ചെലവ് പ്രതീക്ഷിച്ചിരുന്നു. പ്രസ്തുത തുക ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ കോവിഡ് 19 രൂക്ഷമായതിനാൽ BSNL/Keltron എന്നീ ഏജൻസികളിൽനിന്നും സമയബന്ധിതമായി എസ്റ്റിമേറ്റ് ലഭ്യമായില്ല. ആയതിനാൽ ഈ ഇനത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

(സൈനികക്ഷേമ വകുപ്പിന്റെ 8-7-2021-ലെ SW3/20/2021/സൈ.ക്ഷേ.വ. നമ്പർ കത്ത്.)

ഖണ്ഡിക 84

2235-60-200-82—അവശതയനുഭവിക്കുന്ന രണ്ടാം ലോക മഹായുദ്ധ യോദ്ധാക്കൾക്ക് ധനസഹായം

31-8-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 289/17/പൊ.ഭ.വ. പ്രകാരം രണ്ടാം ലോകമഹായുദ്ധ സേനാനികൾക്കും അവരുടെ വിധവകൾക്കും നൽകിവന്നിരുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിച്ചതിന് ആനുപാതികമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. നിലവിൽ 139 സേനാനികൾക്കും 1500 വിധവകൾക്കും ആനുകൂല്യം നൽകേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 7.7344 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അവശതയനുഭവിക്കുന്ന രണ്ടാം ലോകമഹായുദ്ധ യോദ്ധാക്കൾക്കും അവരുടെ വിധവകൾക്കും പ്രതിമാസം 8,000 രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനായി 8 കോടി രൂപ ഈ കണക്കിനത്തിൽ 2020-21 സാമ്പത്തിക വർഷം അനുവദിച്ചിരുന്നു. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലും 2019-20 സാമ്പത്തിക വർഷത്തെ കുടിശ്ശിക ധനസഹായത്തുകയും കൂടി കണക്കിലെടുത്ത് ഈ കണക്കിനത്തിൽ 11,86,74,000 രൂപ അധികമായി അനുവദിക്കുകയും ചെയ്തു. ഇതിൽനിന്നും ചെലവായ 19,66,47,626 രൂപ കിഴിച്ച് ബാക്കി തുകയായ 20,26,374 രൂപ സറണ്ടർ ചെയ്യുകയും ചെയ്തു.

(സൈനികക്ഷേമ വകുപ്പിന്റെ 8-7-2021-ലെ SW3/20/2021/സൈ.ക്ഷേ.വ. നമ്പർ കത്ത്.)

ഖണ്ഡിക 85

2235-60-200-71—ജവാൻമാർക്ക് വേണ്ടിയുള്ള ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ ലോട്ടറിയുടെ അറ്റാദായം-ഫ്ലാഗ് ഡേ ഫണ്ട് അക്കൗണ്ടിലേക്കുള്ള റിലീസ്

4-1-2013-ൽ നറുക്കെടുപ്പ് നടന്ന ജയ്ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റിൽ നിന്നു മുഴുവൻ തുകയും ലഭ്യമാകാത്തതിനാൽ നിലവിലുള്ള സ്കീമുകളിൽനിന്നും നൽകിവരുന്ന വിവിധയിനം സാമ്പത്തിക സഹായം വർദ്ധിപ്പിക്കുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യം നിലനിൽക്കുന്നു. കൂടാതെ പുതിയ സ്കീമുകൾ ഉൾപ്പെടുത്തുവാനും പരിമിതിയുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 8.97 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ജയ് ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റ് തുക 12 കോടി 97 ലക്ഷം രൂപയാണ്. ആയതിൽനിന്നും 4 കോടി രൂപ മാത്രമേ ലഭ്യമായിരുന്നുള്ളൂ. സമിതിയുടെ ശിപാർശയിന്മേൽ 2020-21 സാമ്പത്തിക വർഷം ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി 7 കോടി 97 ലക്ഷം രൂപ ഈ കണക്കിനത്തിൽ അനുവദിച്ചു കിട്ടാനുണ്ട്.

(സൈനികക്ഷേമ വകുപ്പിന്റെ 8-7-2021-ലെ SW3/20/2021/സൈ.ക്ഷേ.വ. നമ്പർ കത്ത്.)

**കെ. രാധാകൃഷ്ണൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2021 ആഗസ്റ്റ് 2.